കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നടുവിൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

# ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.6/19/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയ്യതി : 14-02-2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

നടുവിൽ ഗ്രാമ പഞ്ചായത്ത്

സർ.

വിഷയം : നടുവിൽ ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം നടുവിൽ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധനഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ................... ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-14,3-15,3-18................... ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

തിയ്യതി:----------

കണ്ണൂർ ജില്ലയിലെ നടുവിൽ ഗ്രാമപഞ്ചായത്തിന്റെ

2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ നടുവിൽ ഗ്രാമപഞ്ചായത്തിന്റെ 2017-18.സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 16-8-2017മുതൽ 2-2-2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. എം.പി .ശശികുമാർ |
| | | ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 4-2-2019. മുതൽ 15-2-2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | 1.ശ്രീ.ഷാജു തോമസ് ,അസി.ഓഡിറ്റ് ഓഫീസർ |
| | | 2.ശ്രീ.ഷൈജു മാത്യു , അസി.ഓഡിറ്റ് ഓഫീസർ |
| | | 3..ശ്രീമതി. ധന്യ എം ,ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ബിന്ദു ബാലൻ | 1-4-2017 മുതൽ 31-3-2018വരെ |
| സെക്രട്ടറി | ശ്രീ ദേവരാജൻ കെ. പി. | 1-4-2017 മുതൽ 18-4-2017 വരെ<br>3-5-2017മുതൽ 23-5-2017 വരെ |
| | ശ്രീ രാജീവൻ വി. വി. | 19-4-2017 മുതൽ 2-5-2017 വരെ |
| | ശ്രീ കെ വി ഹരിദാസ് | 24-5-2017മുതൽ 21-6-2017 വരെ |
| | ശ്രീ റോബർട്ട് ജോസ് | 22-6-2017മുതൽ 31-3-2018വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ സിമിൽ വി .സിബി | 1-4-2017 മുതൽ 10-9-2017വരെ |
| | ശ്രീമതി പ്രീതി കെ | 11-9-2017 മുതൽ28-11-2017വരെ |
| | ശ്രീ ഡിക്സൺ ദേവസി | 29-11-2017മുതൽ31-3-2018വരെ |
| അസി.എഞ്ചിനിയർ | ശ്രീമതി ശ്രീജ യു | 1-4-2017 മുതൽ 2-5-2017 വരെ |
| | ശ്രീ തോമസ് മാത്യൂ | 3-5-2017മുതൽ 3-10-2017 വരെ |
| | ശ്രീമതി ഷംന ഉണ്ണികൃഷ്ണൻ | 3-10-2017 മുതൽ 30-11-2017 വരെ |
| | ശ്രീ സജീവൻ കൈതച്ചാൽ | 1-12-2017മുതൽ20-2-2018വരെ |
| | ശ്രീ വിപിൻ അന്നിയേരി | 21-2-2018മുതൽ31-3-2018വരെ |
| വി.ഇ.ഒ നടുവിൽ | ശ്രീ റെനിഷ്കുമാർ എ | 1-4-2017 മുതൽ23-10-2017 വരെ |
| | ശ്രീ ഗോപി പി. ആർ. | 24-10-2017 മുതൽ 31-3-2018 വരെ |
| വി ഇ ഒ വെള്ളാട് | ശ്രീ പ്രദീപ് ഏ. ആർ. | 1-4-2017 മുതൽ23-10-2017 വരെ |
| | ശ്രീ ബിജു ഇ. വി. | 24-10-2017മുതൽ13-11-2017 വരെ |
| | ശ്രീ ഗോപി പി. ആർ. | 14-11-2017 മുതൽ 26-12-2017 |

| | | |
|---|---|---|
| | | വരെ |
| | ശ്രീ രഞ്ജിത്ത്കുമാർ വി. ആർ | 27-12-2017 മുതൽ31-3-2018 വരെ |
| മെഡിക്കൽഓഫീസർ (പി.എച്ച്.സി) | ഡോ. മോഹനൻ കെ. സി. | 1-4-2017 മുതൽ 31-3-2018വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ. സിതാര പയ്യനാട്ട് | 1-4-2017 മുതൽ 15-11-2017വരെ |
| | ഡോ.ലീല എം. വി. | 16-11-2017 മുതൽ 31-3-2018വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി മേരി കെ. വി. | 1-4-2017 മുതൽ 31-3-2018വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.മനശേഖർ | 1-4-2017 മുതൽ 31-3-2018വരെ |
| അസി.സെക്രട്ടറി | ശ്രീ ദേവരാജൻ കെ പി | 1-4-2017 മുതൽ 16-5-2017വരെ |
| | ശ്രീ ജിതേഷ് പി കെ | 17-5-2017മുതൽ20-6-2017വരെ<br>3-7-2017മുതൽ9-7-2017വരെ |
| | ശ്രീ ബിനോയി ടി | 21-6-2017 മുതൽ 2-7-2017വരെ |
| | ശ്രീ ശിഹാസ് എം | 10-7-2017 മുതൽ 19-11-2017വരെ |
| | ശ്രീ സുഭാഷ് എം ജി | 20-11-2017 മുതൽ 31-3-2018വരെ |
| ഡയറിഫാം ഇൻസ്പെക്ടർ | ശ്രീമതി ദീപ ജോസ് | 1-4-2017 മുതൽ 31-3-2018വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ഉദയകുമാരി വി.വി. | 1-4-2017 മുതൽ 30-11-2017വരെ |
| | ശ്രീമതി.ഗീതഇല്ലത്തുമിത്തൽ | 1-12-2017 മുതൽ 18-2-2018വരെ |
| | ശ്രീമതി രസ്ന സദൻ കെ | 19-2-2018 മുതൽ 31-3-2018വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |

| | | | |
|---|---|---|---|
| 2 | വാർഷികധനകാര്യപത്രിക | 1-2 | |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷികകണക്കുകളിലെ അപാകങ്ങൾ | 1-12 | |
| | ഭാഗം 2 | | |
| | വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | രശീത്അപാകതകൾ | 2-1 | |

| | | | |
|---|---|---|---|
| 14 | വാടക രജിസ്റ്റർ പൂർണ്ണമല്ല | 2-2 | |
| 15 | ഡി&ഒ ട്രേഡ് ലൈസൻസ്- അപാകങ്ങൾ | 2-3 | |
| 16 | തൊഴിൽനികുതി അപാകങ്ങൾ | 2-4 | |
| 17 | വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഫീസ് ഈടാക്കുന്നില്ല | 2-5 | |
| 18 | വസ്തുനികുതി അപാകങ്ങൾ | 2-6 | |
| 19 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല | 2-7 | |
| 20 | വസ്തുനികുതി- കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 2-8 | |
| | ഭാഗം 3 | | |
| | ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 21 | പണിമുടക്ക് ദിവസങ്ങളിലെ ശമ്പളക്കുടിശ്ശിക തുക കുറവ് ചെയ്തില്ല. | 3-1 | |
| 22 | ഐ.കെ.എമ്മിന് അധിക വിഹിതം നൽകി ;വിനിയേഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 3-2 | |

| | | | |
|---|---|---|---|
| 23 | സർക്കാർ ഉത്തരവിന് വിരുദ്ധമായി പഞ്ചായത്തിതര സാന്ത്വന പരിചരണ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ-10000രൂപ തടസ്സപ്പെടുത്തുന്നു. | 3-3 | |
| 24 | പത്രപ്പരസ്യത്തിന് തുക നൽകുന്നത് സർക്കാർ ഉത്തരവില്ലും അധികരിച്ച്. | 3-4 | |
| 25 | തെരുവ് വിളക്കുകൾ,തെരുവ് ടാപ്പുകൾ എന്നിവയുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 3-5 | |
| 26 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ-രേഖകൾ സുതാര്യമല്ല. | 3-6 | |
| 27 | കെ.എസ്.ഇ.ബി.ക്ക് ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക നൽകൽ -എഗ്രിമെന്റ്, വിശദമായ എസ്റ്റിമേറ്റ് എന്നിവ വെക്കുന്നില്ല. | 3-7 | |
| 28 | സാധന സാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 3-8 | |
| 29 | മരുന്നുകൾ ലഭ്യമായിട്ടില്ല | 3-9 | |
| 30 | ഫർണ്ണിച്ചർ വാങ്ങൽ- ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ് | 3-10 | |
| 31 | ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ക്വാളിറ്റി | 3-11 | |

| | | | |
|---|---|---|---|
| | പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ് | | |
| 32 | പശ്ചിമഘട്ട വികസന പദ്ധതി -പൂർത്തീകരണത്തിൽ കാലതാമസം. | 3-12 | |
| 33 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ - തുക ലാപ്സായി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നല്കൽ,തുകലാപ്സായി | 3-13 | |
| 34 | പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ബിറ്റുമിൻ ട്രാൻസ്പോർട്ടേഷൻ ടെൻഡർ നൽകി. | 3-14 | |
| 35 | മരാമത്ത് പ്രവർത്തികൾക്ക് ടാർ വാങ്ങൽ -ഗുരുതര നിയമലംഘനം. 4716358 രൂപയുടെ ചെലവ് തടസത്തിൽ വയ്ക്കുന്നു. സമഗ്രമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു | 3-15 | |
| 36 | കരാർ ഒപ്പിടാൻ കാലതാമസം-പിഴ ഈടാക്കിയിട്ടില്ല | 3-16 | |
| 37 | ബിറ്റുമിൻ - ട്രാൻസ്പോർട്ടേഷൻ ചാർജ് ഈടാക്കിയതിലെ അപാകത 15890 രൂപയുടെ നഷ്ടം | 3-17 | |

| | | | |
|---|---|---|---|
| 38 | മരാമത്ത് പ്രവർത്തി വിവരങ്ങൾ അപൂർണ്ണം | 3-18 | |
| | ഭാഗം 4 | | |
| | പൊതു വിവങ്ങളും ഓഡിറ്റ് പ്രത്യവലോകനം | | |
| 39 | സംയുക്തപ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 40 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 | |
| 42 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 42 | സ്ഥിര നിക്ഷേപം | 4-5 | |
| 44 | ഓഡിറ്റ് റിക്കവറി | 4-6 | |
| 45 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 | |
| 46 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 | |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പേർട്ടുകൾ | 4-10 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 25-3-2017 ലെ തീരുമാനം നമ്പർ 1 പ്രകാരം ഭരണസമിതി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും, വാർഷിക കണക്കുപ്രകാരമുള്ളതുമായ വരവ്-ചെലവ് തുകകൾ ചുവടെ കൊടുക്കുന്നു.

| ബജറ്റ് | | വാർഷിക കണക്കുപ്രകാരമുള്ള വരവ്- ചെലവ് |
|---|---|---|
| മുന്നിരിപ്പ് | 8,27,500 | 1,56,20,200 |
| വരവ് | 14,63,18,600 | 7,05,33,316 |
| ആകെ | 14,71,46,100 | 8,61,53,516 |
| ചെലവ് | 14,59,17,800 | 7,51,17,220 |
| നീക്കിയിരിപ്പ് | 12,28,300 | 1,10,36,296 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214- ാം വകുപ്പ് ഉപവകുപ്പ് -1 അനുസരിച്ച് സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15 ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ് .എന്നാൽ വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. ബജറ്റ് നിർദ്ദേശങ്ങൾ സമയബന്ധിതമായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിന് വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്. ബജറ്റിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ നിർദ്ദേശങ്ങളൊന്നും വന്നിട്ടില്ല. ബജറ്റ് രൂപീകരണത്തിൽ വന്നിട്ടുള്ള ഇത്തരത്തിലുള്ള വീഴ്ചകൾ ഒഴിവാക്കാൻ നടപടിയെടുക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 15-05-2018 | തിരിച്ചയച്ചിട്ടില്ല | --- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22-06-2018 മുതൽ 23-06-2018 | കെ എസ് എ കെ എൻ ആർ സി13-1239/2018 തീയതി 31-07-2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15620200 |
| വരവ് | 70533316 |
| ആകെ | 86153516 |
| ചെലവ് | 75117220 |
| നീക്കിയിരിപ്പ് | 11036296 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 20611000 | 20611000 | 19336203 | 1274797 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 7915163 | 7915163 | 5892283 | 2022880 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 45981 | 45981 | 41060 | 4921 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 11643000 | 11643000 | 2502064 | 9140936 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 4774000 | 4774000 | 2878679 | 1895321 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br>(ACR പ്രകാരം) | | | 9679147 | 9679147 | 5028911 | 4650236 |
| കെ.എൽ.എസ്.ജി.ഡി.പി<br>(ACR പ്രകാരം) | | | 4365231 | 4365231 | 4026774 | 338457 |
| സാക്ഷരത | | 326 | 0 | 326 | 0 | 326 |
| ദുരിതാശ്വാസനിധി | | 379 | 40 | 419 | 0 | 419 |
| എം.ജി.എൻ.<br>ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ<br>കൂലി | | 16608435 | 16608435 | 16608435 | 0 |
| | അഡ്മിനിസ്ട്രേറ്റീവ്<br>ചെലവ് | 386 | 908526 | 908912 | 908912 | 0 |
| ജോയിന്റ്<br>വെഞ്ചർ<br>അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 750000 | 750000 | 749995 | 5 |
| | ജില്ലാ പഞ്ചായത്ത് | 0 | 947029 | 947029 | 0 | 947029 |
| ബി ഫണ്ട് | തൊഴിലില്ലായ്മ വേതനം | | 39600 | 39600 | 39600 | 0 |
| | വാർദ്ധക്യകാല<br>പെൻഷൻ | | 37960100 | 37960100 | 37960100 | 0 |
| | കർഷകതൊഴിലാളി പെൻഷൻ | | 4413100 | 4413100 | 4413100 | 0 |
| | വിധവാപെൻഷൻ | | 10783700 | 10783700 | 10783700 | 0 |
| | 50 വയസ്സിന് മുകളിൽ<br>പ്രായമുള്ളഅവിവാഹിതരായ<br>സ്ത്രീകൾക്കുള്ള പെൻഷൻ | | 245500 | 245500 | 245500 | 0 |
| | വികലാംഗപെൻഷൻ | | 3414400 | 3414400 | 3414400 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | | 240000 | 240000 | 240000 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 282 | 99943601 | 151 | 44713603 | 114 | 17 | 53.55 |

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക പദ്ധതികൾക്ക് ആകെ പദ്ധതി ചെലവിന്റെ നിർവ്വഹണോദ്യോഗസ്ഥർ തിരിച്ചുള്ള വിശദവിവരം ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെഎണ്ണം | | | പദ്ധതി ചെലവ് | | |
|---|---|---|---|---|---|---|
| | അംഗീകാരം ലഭിച്ചവ | ആരംഭിച്ചവ | ശതമാനം | അടങ്കൽ തുക | ചെലവായ തുക | ശതമാനം |
| സെക്രട്ടറി | 14 | 11 | 78.57 | 4480043 | 3534202 | 78.89 |
| കൃഷി ഓഫീസർ | 8 | 7 | 87.5 | 4174250 | 3572805 | 85.59 |
| വെറ്റിനറി | 9 | 9 | 100 | 4920000 | 2946500 | 59.89 |
| മെഡിക്കൽ ഓഫീസർ (ആലോപ്പതി) | 9 | 9 | 100 | 1313271 | 1081212 | 82.33 |
| മെഡിക്കൽ ഓഫീസർ (ആയ്യൂർവേദം) | 3 | 1 | 33.33 | 450000 | 300000 | 66.67 |
| വി ഇ ഒ | 16 | 12 | 75 | 8574679 | 4704100 | 54.86 |
| ഐസിഡിഎസ് | 11 | 9 | 81.82 | 8198893 | 6851076 | 83.56 |

| | | | | | | |
|---|---|---|---|---|---|---|
| സൂപ്പർ വൈസർ | | | | | | |
| അസിസ്റ്റന്റ് എഞ്ചിനീയർ | 190 | 71 | 37.37 | 60256765 | 15508664 | 25.74 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 6 | 100 | 2037700 | 2010000 | 98.64 |
| ഹെഡ് മാസ്റ്റർ | 15 | 15 | 100 | 3338000 | 3105049 | 93.02 |
| ഡയറി ഫാം | 1 | 1 | 100 | 2200000 | 1099995 | 50 |
| ആകെ | 282 | 151 | 53.36 | 99943601 | 44713603 | 44.74 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

| പ്രോജക്റ്റ് നമ്പ്ര | പ്രോജക്റ്റിന്റെ പേര് | അടങ്കൽ |
|---|---|---|
| 170/18 | കുട,മെഴുകുതിരി നിർമ്മാണം | 200000 |
| 180/18 | മുണ്ടച്ചാൽ പാറക്കടവ് റോഡ് ടാറിംഗ് | 680000 |
| 185/18 | നാഗത്തൊടി ബൈളുരെ റോഡ് | 450000 |
| 207/18 | ലഹരി മുക്ത പരിപാടി | 100000 |
| 230/18 | താഴെ വിളക്കന്നൂർ പൂവത്താംകുഴി റോഡ് റീടാറിംഗ് | 140000 |
| 237/18 | ലഹരി മുക്ത പരിപാടി എസ് റ്റി | 100000 |
| 264/18 | നടുവിൽ ടൗൺ പോത്തേര റോഡ് റീടാറിംഗും കോൺക്രീറ്റും | 150000 |
| 268/18 | മാവും ചാൽ അംഗൻവാടി ഇൻറർലോക്ക് | 100000 |
| 269/18 | കൊട്ടച്ചോല അംഗൻവാടി അലുമിനിയം റൂഫ് | 80000, |
| 270/18 | മുളകുവള്ളി അംഗൻവാടി റൂഫും ഇൻററ് ർലോക്ക് | 119000 |
| 277/18 | തറ്റ്യാട്ട്അംഗൻവാടി ഇൻററ് ർലോക്ക് | 50000 |
| 280/18 | നടുവിൽ പടിഞ്ഞാറ് അംഗൻവാടി റൂഫിംഗ് ഷെയ്ഡ് | 75000 |
| 296/18 | നടുവിൽമിനി സ്റ്റേഡിയം ചിൽഡ്റൻസ് | 500000 |

| | | |
|---|---|---|
| | പാർക്ക് | |
| 301/18 | ആനക്കുഴി കോളനി വായനശാല പുനരുദ്ധാരണം | 200000 |
| 303/18 | ഞാറുക്കുംകര ഫുട്ട്പാത്ത് | 226000 |
| 312/18 | ഇൻസിനേറ്റർ നിർമ്മാണം നടുവിൽ,കരുവൻചാൽ | 1646100 |
| 321/18 | ഹരിത സേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് | 500000 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 386 | 908526 | 908912 | 908912 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 16608435 | 16608435 | 16608435 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 39600 | 65 |
| കർഷകതൊഴിലാളി പെൻഷൻ | 4413100 | 409 |
| വിധവാപെൻഷൻ | 10783700 | 998 |
| വാർദ്ധക്യകാലപെൻഷൻ | 37960100 | 3360 |
| വികലാംഗപെൻഷൻ | 3414400 | 361 |
| അവിവാഹിത പെൻഷൻ | 245500 | 36 |
| വിവാഹധനസഹായം | 240000 | 8 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-2-2019ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15373/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത

പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29-1-2019 | 12/2018 | 30-1-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28-7-2006 to 10-8-2006 | 1997-98 മുതൽ 2005-06 വരെ | 29-9-2006 |

## 1-11 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

ഗ്രാമപഞ്ചായത്ത് ഓഫീസിൽ ജീവനക്കാർക്ക് കൃത്യമായ ചുമതലാ വിഭജനം ഓഫീസ് ഓർഡർ പ്രകാരം നടത്തിയിട്ടുണ്ട്. 2017-18 ൽ ആകെ മൂന്ന് തവണ മാത്രമാണ് ജീവനക്കാരുടെ യോഗം ചേർന്നിരിക്കുന്നതെങ്കിലും നിലവിൽ എല്ലാമാസവും ജീവനക്കാരുടെ യോഗം ചേർന്ന് ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ കൃത്യമായി ആവശ്യമായ നിർദേശങ്ങൾ ജീവനക്കാർക്ക് നൽകിവരുകയും ചെയ്യുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഗ്രാമപഞ്ചായത്ത് ഓഫീസിന് മുൻവശത്ത് പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ സ്ഥലത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും ഹെൽപ് ഡസ്ക് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലീകമാക്കിയിട്ടില്ല.
2. റെമിഷൻ,റൈറ്റ് ഓഫ്, വാടക എന്നീ ഇനങ്ങളുടെ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. ദുരിതാശ്വാസ നിധിയിനത്തിൽ ബാലൻസ് ഷീറ്റിലെ ബി 17, ബി2 ഷെഡ്യൂളുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.
4. വാർഷീക ധനകാര്യപത്രികയിലെ വസ്തുനികുതി ഇനത്തിലെ ഡി.സി.ബി സഞ്ചയ സോഫ്റ്റ് വെയറിലെ ഡി.സി.ബിയുമായി പൊരുത്തപ്പെടുന്നില്ല
5. ടെണ്ടർ ഫോറം രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
6. ബാങ്ക് ബുക്ക്, ഡേ ബുക്ക് എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
7. 2016-17 വാർഷീക ധനകാര്യപത്രിക പ്രകാരം തൊഴിൽനികുതി കുടിശ്ശിക ഇല്ലെങ്കിലും തൻവർഷം തൊഴിൽനികുതി കുടിശ്ശികയായി 15750/- രൂപ വരവ് കാണിച്ചിട്ടുണ്ട്.
8. ബാലൻസ് ഷീറ്റിലെ ബി15 ഷെഡ്യൂളിൽ State Govt. Cesses/levies in property taxes-control accounr എന്ന ഇനത്തിൽ കാണിച്ച തുക യഥാർത്ഥത്തിലുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.
9. ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം I-18 ഷെഡ്യൂളിൽ 280200401 ശീർഷകത്തിൽ 22048/- രൂപ, 280300102 ശീർഷകത്തിൽ 1250/- രൂപയും ആർ. പി 36 ഷെഡ്യൂളിൽ 350800299 ശീർഷകത്തിൽ 26884/- രൂപയും ഈടാക്കിയിട്ടുണ്ടെങ്കിലും ഈ ഇനത്തിലുള്ള രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കാനായില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീത് അപാകതകൾ

1 .ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ ഉപയോഗിച്ച മിക്ക രശീതി ബുക്കുകളിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. രസീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ ആയത് സ്ഥാപന മേലധികാരിയോ, സ്ഥാപന മേലധികാരി അതിനായി ഉത്തരവ് മൂലം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ കാൻസൽ ചെയ്യുവാനുണ്ടായ കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ കാൻസൽ ചെയ്ത പല രസീതുകളും ഇപ്രകാരം സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ബുക്ക് നമ്പർ | രശീതി നമ്പർ |
|---|---|---|
| 1 | 1424 | 29 |
| 2 | 1426 | 39 |
| 3 | 1429 | 3 |
| 4 | 1444 | 88 |
| 5 | 5331 | 90 |
| 6 | 5336 | 78 |
| 7 | 1427 | 77 |

## 2-2 വാടക രജിസ്റ്റർ പൂർണ്ണമല്ല

2017-18 വർഷം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഓഡിറ്റോറിയം, ഹാൾ എന്നിവ വാടകയ്ക്ക് നൽകിയ ഇനത്തിൽ വാർഷീക ധനകാര്യപത്രിക പ്രകാരം 33000/- രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുകയോ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്യാത്തതിനാൽ ഈ ഇനത്തിലെ വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്.

## 2-3 ഡി&ഒ ട്രേഡ് ലൈസൻസ്- അപാകങ്ങൾ

1. 2016-17 വർഷത്തെ ഡി&ഒ ട്രേഡ് ലൈസൻസ് രജിസ്റ്റർ പ്രകാരം 459 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. 2017-18 വർഷത്തെ രജിസ്റ്റർ പ്രകാരം 405 സ്ഥാപനങ്ങൾക്ക് മാത്രമേ

ലൈസൻസ് അനുവദിച്ചിട്ടുള്ളൂ. ഇതിൽ 102 സ്ഥാപനങ്ങൾ ഈ വർഷം പുതുതായി ആരംഭിച്ചവയാണ്. ഇതിൽ നിന്നും ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാണ്. ഇപ്രകാരം ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങളെ കണ്ടെത്തി ചട്ടപ്രകാരമുള്ള പിഴ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് 31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിനാൽ 31.10.2017 ന് ശേഷം ലൈസൻസ് നൽകേണ്ടിയിരുന്നത് ജി.ഒ.(പി) 80/2017 അടിസ്ഥാനമാക്കിയായിരുന്നു.എന്നാൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ മേൽ ഉത്തരവ് നടപ്പിലാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (14/13.02.2019)മറുപടിയായി ഭരണസമിതിയുടെ 12.2.2018 ലെ 4/4(1) നമ്പർ തീരുമാനപ്രകാരം മേൽ ഉത്തരവ് പ്രകാരമുള്ള ഭേദഗതി വരുത്തുകയും 2018-19 സാമ്പത്തീകവർഷം മുതൽ അത് പ്രകാരമുള്ള ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

## 2-4 <u>തൊഴിൽനികുതി അപാകങ്ങൾ</u>

1994 ലെ കേരള പഞ്ചായത്ത് ആക്ട് സെക്ഷൻ 205 (സി) പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ ലിസ്റ്റ് പ്രകാരം ഒടുക്കേണ്ടതായുള്ള തൊഴിൽനികുതി ഈടാക്കേണ്ടതാണ്.ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ഇപ്രകാരം നികുതി ഈടാക്കിയിട്ടില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | പോസ്റ്റ് ഓഫീസ്,വായാട്ടുപറമ്പ് | രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഒടുക്കിയിട്ടില്ല |
| 2 | പോസ്റ്റ് ഓഫീസ്,പുലിക്കുരുമ്പ | രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഒടുക്കിയിട്ടില്ല |
| 3 | പോസ്റ്റ് ഓഫീസ്, വെള്ളാട് | രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഒടുക്കിയിട്ടില്ല |
| 4 | ക്ഷീരോൽപാദക സഹകരണസംഘം,പാത്തൻപാറ | രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി,സ്ഥാപനനികുതി എന്നിവ ഒടുക്കിയിട്ടില്ല. |

| | | |
|---|---|---|
| | | |
| 5 | ക്ഷീരോൽപാദക സഹകരണസംഘം,കനകക്കുന്ന് | 1,2 അർദ്ധവർഷത്തെ തൊഴിൽനികുതി,സ്ഥാപനനികുതി എന്നിവ ഒടുക്കിയിട്ടില്ല. |
| 6 | ശ്രീ മൂകാംബിക വിദ്യാലയം, നടുവിൽ | 1,2 അർദ്ധവർഷത്തെ തൊഴിൽനികുതി,സ്ഥാപനനികുതി എന്നിവ ഒടുക്കിയിട്ടില്ല. |
| 7 | കള്ള് ഷാപ്പ് -മുളക് വള്ളി | 1,2 അർദ്ധവർഷത്തെ തൊഴിൽനികുതി,സ്ഥാപനനികുതി എന്നിവ ഒടുക്കിയിട്ടില്ല. |
| 8 | കള്ള് ഷാപ്പ് -തൊഴത്ത് | 1,2 അർദ്ധവർഷത്തെ തൊഴിൽനികുതി,സ്ഥാപനനികുതി എന്നിവ ഒടുക്കിയിട്ടില്ല. |
| 9 | കള്ള് ഷാപ്പ് കരുവഞ്ചാൽ | 1,2 അർദ്ധവർഷത്തെ തൊഴിൽനികുതി,സ്ഥാപനനികുതി എന്നിവ ഒടുക്കിയിട്ടില്ല. |
| 10 | കള്ള് ഷാപ്പ് പുലിക്കുരുമ്പ | 1,2 അർദ്ധവർഷത്തെ തൊഴിൽനികുതി,സ്ഥാപനനികുതി എന്നിവ ഒടുക്കിയിട്ടില്ല. |
| 11 | തളിപ്പറമ്പ് കാർഷീക വികസനബേങ്ക് | സ്ഥാപനനികുതി ഒടുക്കിയിട്ടില്ല. |
| 12 | മാവേലി സ്റ്റോർ,നടുവിൽ | സ്ഥാപനനികുതി ഒടുക്കിയിട്ടില്ല. |
| 13 | ക്ഷീരോൽപാദക സഹകരണസംഘം,പുലിക്കുരുമ്പ | സ്ഥാപനനികുതി ഒടുക്കിയിട്ടില്ല. |

| | | |
|---|---|---|
| 14 | ക്ഷീരോൽപാദക സഹകരണസംഘം,വെള്ളാട് | സ്ഥാപനനികുതി ഒടുക്കിയിട്ടില്ല. |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (11/2017-18,തീയതി ) നികുതി ഈടാക്കി അറിയിക്കുമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾ ഉൾപ്പെട്ട ഒരു ഇൻസ്റ്റിറ്റൂഷൻ ലിസ്റ്റ് തയ്യാറാക്കേണ്ടതും സ്ഥാപനനികുതി,ജീവക്കാരുടെ തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ ലഭ്യമാകേണ്ട നികുതി മുഴുവനായും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-5 വളർത്തുനായ്ക്കൾക്ക് ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

1998 ലെ കേരളാ പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പട്ടികളെ വളർത്തുന്ന ഏതൊരാളും ലൈസൻസിനായി അവയുടെ പ്രായം, നിറം, ഇനം മുതലായ വിവരങ്ങൾ,10 രൂപ ഫീസ് എന്നിവ സഹിതം സെക്രട്ടറിക്ക് അപേക്ഷ നൽകേണ്ടതാണ്. ഓഡിറ്റ് വർഷം ഇപ്രകാരം 7വളർത്തുനായ്ക്കൾക്ക് വേണ്ടി മാത്രമാണ് ലൈസൻസിന് അപേക്ഷിച്ചിരിക്കുന്നത്. എന്നാൽ,വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നം. 167/18 , പേവിഷനിയന്ത്രണ പദ്ധതി എന്ന പ്രൊജക്ടിന്റെ ഭാഗമായി 4 കേന്ദ്രങ്ങളിലായി 279 വളർത്തുനായ്ക്കൾക്ക് വാക്സിനേഷൻ നൽകിയിട്ടുണ്ട്. ഇത് കൂടാതെ പൂളക്കുറുമ്പ വെറ്റിനറി ഹോസ്പിറ്റലിൽ നിന്നും വളർത്തുനായ്ക്കൾക്ക് വാക്സിനേഷൻ നൽകുന്നുണ്ട്. ഇതിൽ നിന്നും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ലൈസൻസില്ലാതെ പട്ടികളെ വളർത്തുന്നുണ്ടെന്ന് വ്യക്തമാണ്. വാക്സിനേഷൻ സർട്ടിഫിക്കറ്റ് ലഭിച്ച എല്ലാ നായ്ക്കളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 വസ്തുനികുതി അപാകങ്ങൾ

1.2017-18 വർഷം വസ്തുനികുതി ഒഴിവാക്കുന്നതിനായി അപേക്ഷ നൽകിയ പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് 03.03.2018 ലെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 16/2018 നമ്പർ ശുപാർശ, ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.3.2018 ലെ തീരുമാനം നമ്പർ 2(1) എന്നിവ പ്രകാരം 153 കെട്ടിടങ്ങൾക്ക് 2013-14 വർഷം മുതൽ മുൻകാല പ്രാബല്യത്തോടെ നികുതി ഒഴിവാക്കിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | അപേക്ഷ നൽകിയ തീയതി | നികുതി ഒഴിവാക്കിയ വർഷം |
|---|---|---|---|---|
| 1 | 11/467B | ഫ്രാൻസിസ് മുതുകുളത്തിൽ | 19.2.2018 | 2013 ഒന്നാം അർദ്ധവർഷം മുതൽ |

| | | | | |
|---|---|---|---|---|
| 2 | 13/14 | മോഹനൻ | 14.2.2018 | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 3 | 13/367 B | ജോസ് കെ | 20.2.2018 | 2013 ഒന്നാം അർദ്ധവർഷം മുതൽ |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (15/13.02.2018) മറുപടിയായി പ്രസ്തുത കെട്ടിടങ്ങൾ 2013 ന് മുമ്പ് തന്നെ പൊളിച്ചുമാറ്റിയ കെട്ടിടങ്ങളായിരുന്നവെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടതിനാലാണ് മുൻകാല പ്രാബല്യത്തോടെ ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഒഴിവാക്കിയത് എന്നാണ് അറിയിച്ചത്. എന്നാൽ നികുതി ഒഴിവാക്കുന്നതിനായി തയ്യാറാക്കിയ അന്വേഷണ റിപ്പോർട്ടിൽ മേൽ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈകാര്യത്തിൽ വിശദമായ പരിശോധന നടത്തേണ്ടതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2.ഡി& ഒ ലൈസൻസെടുത്ത വ്യാപാരസ്ഥാപനങ്ങളുടെ ഉപയോഗക്രമം സഞ്ചയസോഫ്റ്റ് വെയറിൽ പാർപ്പിടമെന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം(ഡി& ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം) | വാർഡ് നമ്പർ/ബിൽഡിംഗ് നമ്പർ | ലൈസൻസിയുടെ പേര് | വ്യാപാരം |
|---|---|---|---|
| 22 | 1/395 | അഹമ്മദ് | മലഞ്ചരക്ക് വ്യാപാരം |
| 23 | 14/43 | ജോജോ ജോസഫ് | മലഞ്ചരക്ക് വ്യാപാരം |
| 35 | 16/199 | എൻ.പി അബൂബക്കർ | പഴം പച്ചക്കറി വ്യാപാരം |

| | | | |
|---|---|---|---|
| 75 | 12/539 B | ലിസ്സി ജോസ് | ഓയിൽ & ഫ്ലോർ മിൽ |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (15/13.02.2018) മറുപടിയായി ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയത് നേരിട്ടി അന്വേഷണം നടത്തി ഉപയോഗക്രമം തിരുത്തി കുടിശ്ശിക ഉണ്ടെങ്കിൽ ആയത് ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തിയ മുഴുവൻ കെട്ടിടങ്ങളേയും കണ്ടെത്തി തിരുത്തി കുടിശ്ശിക ഉണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ 15 മൊബൈൽടവറുകൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ ഒരു ടവറിൽ നിന്ന് മാത്രമേ വസ്തുനികുതി ഈടാക്കുന്നുള്ളൂ.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വാർഡ് നമ്പർ/കെട്ടിടനമ്പർ | വസ്തുനികുതി | ടവർ ഉടമയുടെ പേര് | നികുതി ഈടാക്കാൻ തുടങ്ങിയ വർഷം |
|---|---|---|---|---|
| 1 | I | കെട്ടിടനമ്പർ നൽകിയിട്ടില്ല | ഇൻഡസ് ടവേർസ് ലിമിറ്റഡ് | ഈടാക്കിയിട്ടില്ല |
| 2 | V | കെട്ടിടനമ്പർ നൽകിയിട്ടില്ല | ഇൻഡസ് ടവേർസ് ലിമിറ്റഡ് | ഈടാക്കിയിട്ടില്ല |
| 3 | V | കെട്ടിടനമ്പർ നൽകിയിട്ടില്ല | ബി എസ് എൻ എൽ | ഈടാക്കിയിട്ടില്ല |
| 4 | VII | കെട്ടിടനമ്പർ നൽകിയിട്ടില്ല | വൊഡാഫോൺ | ഈടാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 5 | VII | കെട്ടിടനമ്പർ നൽകിയിട്ടില്ല | ബി എസ് എൻ എൽ | ഈടാക്കിയിട്ടില്ല |
| 6 | VIII/218 A1 | 8064 | ഇൻഡസ് ടവേർസ് ലിമിറ്റഡ് | 2013-14 |
| 7 | IX | കെട്ടിടനമ്പർ നൽകിയിട്ടില്ല | ഇൻഡസ് ടവേർസ് ലിമിറ്റഡ് | ഈടാക്കിയിട്ടില്ല |
| 8 | XII | കെട്ടിടനമ്പർ നൽകിയിട്ടില്ല | ബി എസ് എൻ എൽ | ഈടാക്കിയിട്ടില്ല |
| 9 | XII | കെട്ടിടനമ്പർ നൽകിയിട്ടില്ല | ഇൻഡസ് ടവേർസ് ലിമിറ്റഡ് | ഈടാക്കിയിട്ടില്ല |
| 10 | XIV | കെട്ടിടനമ്പർ നൽകിയിട്ടില്ല | ഇൻഡസ് ടവേർസ് ലിമിറ്റഡ് | ഈടാക്കിയിട്ടില്ല |
| 11 | XIV | കെട്ടിടനമ്പർ നൽകിയിട്ടില്ല | ഇൻഡസ് ടവേർസ് ലിമിറ്റഡ് | ഈടാക്കിയിട്ടില്ല |
| 12 | XV | കെട്ടിടനമ്പർ നൽകിയിട്ടില്ല | ഇൻഡസ് ടവേർസ് ലിമിറ്റഡ് | ഈടാക്കിയിട്ടില്ല |
| 13 | XVII | കെട്ടിടനമ്പർ നൽകിയിട്ടില്ല | ബി എസ് എൻ എൽ | ഈടാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 14 | XVII | കെട്ടിടനമ്പർ നൽകിയിട്ടില്ല | ഇൻഡസ് ടവേർസ് ലിമിറ്റഡ് | ഈടാക്കിയിട്ടില്ല |
| 15 | XIX | കെട്ടിടനമ്പർ നൽകിയിട്ടില്ല | ഇൻഡസ് ടവേർസ് ലിമിറ്റഡ് | ഈടാക്കിയിട്ടില്ല |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (15/13.2.2019) മറ്റ് ടവറുകളുടെ ടാക്സ് അസസ് ചെയ്ത് വരുന്നുണ്ടെന്നും അവയുടെ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. മൊബൈൽ ടവറുകൾക്ക് നാളിതുവരെയുള്ള നികുതി നിയമപരമായ പിഴ ഉൾപ്പെടെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-8 വസ്തുനികുതി- കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി ഇനത്തിലുള്ള കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | വസ്തുനികുതി(തൻവർഷം) | 334894 |
| 2 | വസ്തുനികുതി(കുടിശ്ശിക) | 775552 |
| | ആകെ | 1110446 |

കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പണിമുടക്ക് ദിവസങ്ങളിലെ ശമ്പളക്കുടിശ്ശിക തുക കുറവ് ചെയ്തില്ല.

നടുവിൽ ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക് 1.7.2016 മുതൽക്കുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക താഴെ പറയുന്ന വിധം 4 ഗഡുക്കളായി നൽകിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം. | തുക(രൂപയിൽ) |
|---|---|---|
| 1) | 21700304/13.7.2017 | 153701 |
| | 21700305/13.7.2017 | 66433 |
| 2 | 21700575/6.10.2017 | 177001 |

ഇതിനാധാരമായ ശമ്പളക്കുടിശ്ശിക നിർണ്ണയത്തിന്റെ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ശമ്പളക്കുടിശ്ശിക കണക്കാക്കിയപ്പോൾ താഴെ പറയുന്ന ജീവനക്കാർ 2.9.2015,12.1.2016 ദിവസങ്ങളിൽ പണിമുടക്കിയിരുന്നുവെങ്കിലും ഈ ദിവസങ്ങളിലെ ശമ്പളം കുറവുചെയ്യാതെയാണ് കുടിശ്ശിക കണക്കാക്കിയിരിക്കുന്നതെന്ന് കാണുന്നു.വിശദാംശങ്ങൾ ചുവടെ.

| ക്രമ നം. | ജീവനക്കാരന്റെ പേരും ഉദ്യോഗപ്പേരും. | കുടിശ്ശികക്ക് കണക്കാക്കിയ അടിസ്ഥാന ശമ്പളം. |
|---|---|---|
| 1 | രജനീഷ് വി.പി,സീനിയിർ ക്ലർക്ക്. | 29200 |
| 2 | സേതു .പി,ഓഫീസ് അറ്റൻഡന്റ്. | 20000 |

ഇക്കാര്യങ്ങൾ പരിഗണിച്ച് ശമ്പളപരിഷ്കരണക്കുടിശ്ശിക പുനർനിർണ്ണയിക്കേണ്ടതാണ്.

## 3-2 ഐ.കെ.എമ്മിന് അധിക വിഹിതം നൽകി ;വിനിയേഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്റ്റ് നം.4/18.

പ്രൊജക്റ്റിന്റെ പേര്:ഐ.കെ.എമ്മിന് വിഹിതം നൽകൽ.

ഭരണാനുമതി:1(1)/29.5.2017.(100043 രൂപ,വികസന ഫണ്ട്.)

ചെലവ്:100043രൂപ(ബിൽ നം.5/24.7.2017)

സർക്കാർ ഉത്തരവ് നം.(ആർ.ടി)1228/2016 തി.8.3.2016 പ്രകാരം ഗ്രാമപഞ്ചായത്തുകൾ ലഭിക്കുന്ന പദ്ധതി വിഹിതത്തിന്റെ .25% ആണ് ഐ.കെ.എമ്മിന് വിഹിതമായി നൽകേണ്ടത്.ഇത്തരത്തിൽ നടുവിൽ ഗ്രാമപഞ്ചായത്തിന് 2017-18 വർഷത്തിൽ ആകെ പദ്ധതി വിഹിതമായി അനുവദിച്ചിരിക്കുന്നത് (ജനറൽ,എസ്.സി.പി,ടി.എസ്.പി ഇനങ്ങളിൽ) 28572144 രൂപയാണ്. ഇപ്രകാരം ഐ.കെ.എമ്മിന് നൽകേണ്ട തുക 71430 രൂപ മാത്രമാണ്.(28572144x0.25%).എന്നാൽ ഈ ഇനത്തിൽ 100043 രൂപ നൽകിയിട്ടുണ്ട്. മാത്രമല്ല ഐ.കെ.എമ്മിൽനിന്നും വിനയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുമില്ല.ഇക്കാര്യം ഓഡിറ്റ് എൻക്വയറി നം.6/8.2.2019മുഖേന ശ്രദ്ധയിൽ പെടുത്തിയതിന് ഐ.കെ.എം.ആവശ്യപ്പെടുന്ന തുകയാണ് അടവാക്കുന്നതെന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി

ലഭ്യമാക്കുകയുണ്ടായി.ആയതിനാൽ ആവശ്യപ്പെടുന്ന തുക അധികമാണെങ്കിൽ അക്കാര്യം ഐ.കെ.എമ്മിന്റെ ശ്രദ്ധയിൽ പെടുത്തി തിരുത്തൽ വരുത്തുന്നതിനുള്ള നടപടികൾ ഭാവിയിൽ ചെയ്യേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

## 3-3 സർക്കാർ ഉത്തരവിന് വിരുദ്ധമായി പഞ്ചായത്തിതര സാന്ത്വന പരിചരണ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ-10000രൂപ തടസ്സപ്പെടുത്തുന്നു.

ഹോപ്പ് ആലക്കോട് സാന്ത്വന പരിചരണ കേന്ദ്രംസമർപ്പിച്ച അപേക്ഷ പരിഗണിച്ച് സാന്ത്വന പരിചരണ പ്രവർത്തനങ്ങൾക്കായി ആവശ്യമായ മരുന്നുകൾ വാങ്ങിനൽകുന്നതിന് നടുവിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി 1(8)/10.1.2017 തീരുമാന പ്രകാരം നടുവിൽ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.ഇതുപ്രകാരം വടകര സപ്ളൈക്കോ മെഡിക്കൽ സ്റ്റോറിൽനിന്നും മരുന്നുകൾ വാങ്ങിനൽകിയ ഇനത്തിൽ ഗ്രാമപഞ്ചായത്തിൽനിന്നും 10000 രൂപ മെഡിക്കൽ ഓഫീസർക്ക് വൗച്ചർ നം.21700615/30.10.2017 പ്രകാരം നൽകിയിട്ടുണ്ട്.ആലക്കോട് ഹോപ്പ് സാന്ത്വന പരിചരണകേന്ദ്രം നടുവിൽ ഗ്രാമപഞ്ചായത്തിന് പുറത്ത് സ്ഥിതിചെയ്യുന്ന സ്ഥാപനമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 17/14.2.2019 ന് ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് മരുന്ന് വാങ്ങി നൽകിയതെന്നാണ് മറുപടി ലഭ്യമാക്കിയത് .ഈ മറുപടി തൃപ്തികരമല്ല. ഗ്രാമപഞ്ചായത്തിന്റെ സാന്ത്വനപരിചരണ പ്രവർത്തനങ്ങൾക്കല്ലാതെ മറ്റ് ഏജൻസികളുടെ സാന്ത്വനപരിചരണ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് തുക ചെലവഴിക്കുന്നത് ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായതിനാൽ ചെലവഴിച്ച 10000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 പത്രപ്പരസ്യത്തിന് തുക നൽകുന്നത് സർക്കാർ ഉത്തരവിലും അധികരിച്ച്.

01-01-2004-ലെ ജി.ഒ.(പി)01/04/ഐ & പി.ആർ. പ്രകാരം ദർഘാസ് പരസ്യങ്ങൾ 3x2 സെന്റിമീറ്റർ കോളം വലിപ്പത്തിലുള്ള വിൻഡോ പരസ്യങ്ങളായാണ് പത്രങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടത്. ഇതിന്പുറമേ 20.11.2015-ലെ ജി.ഒ.(ആർ.ടി.)551/2015/പി&എ.ആർ.ഡി, 04-01-2011-ലെ ജി.ഒ.(പി)1/2011/പി&എ.ആർ.ഡി. പ്രകാരം സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടും ഉറപ്പ് വരുത്തേണ്ടതായിരുന്നു.എന്നാൽ പരസ്യങ്ങൾ നിശ്ചിത മാതൃകയിൽ പ്രസിദ്ധീകരിച്ചതായും, പരസ്യങ്ങൾക്കുള്ള ഡിസ്കൗണ്ട് എല്ലായ്പ്പോഴും ലഭ്യമാക്കിയതായും കാണുന്നില്ല.20.11.2015-ലെ ജി.ഒ.(ആർ.ടി.)551/2015/പി.ആർ.ഡി ഉത്തരവു പ്രകാരം മലയാള മനോരമയിൽ പരസ്യം പ്രസിദ്ധീകരിക്കുന്നതിന് SCM ന്ന് ₹65.18 രൂപയും(കണ്ണൂർ എഡിഷൻ) മാതൃഭൂമിയിൽ പ്രസിദ്ധീകരിക്കുന്നതിന് SCMന്ന് ₹91.75രൂപയുമാണ്(കണ്ണൂർ എഡിഷൻ) പരസ്യ ചാർജ്.എന്നാൽ 2017-18 വർഷത്തിൽ ഈ പത്രങ്ങൾക്ക് പരസ്യ ചാർജ് നൽകിയിരിക്കുന്നത് ഉയർന്ന നിരക്കിലാണ്.

ഏതാനും ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം. | പത്രത്തിന്റെ പേര്. | പരസ്യം പ്രസിദ്ധീകരിച്ച തിയ്യതി. | പരസ്യത്തിന്റെ അളവ്(ച.സെ.മീ). | നിരക്ക്. (ജി.എസ്.ടി.ഒഴികെ) | ആകെ തുക(ഡിസ്കൗണ്ട് കഴിച്ച്) | വൌച്ചർ നം/തിയ്യതി. |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | മലയാള മനോരമ | 1.4.2017 | 40 | 195 | 7800 | 21700283/11.7.2017 |
| 2 | മാതൃഭൂമി. | 16.1.2018 | 32 | 255 | 8160 | 2171067/19.2.2018 |

വിവര പൊതുജന സമ്പർക്ക വകുപ്പിന് ,വിവിധ പത്ര കമ്പനികളുമായി റേറ്റ് കോൺട്രാക്റ്റ് നിലവിലുള്ളതിനാൽ പരസ്യങ്ങൾ വിവര പൊതുജന സമ്പർക്ക വകുപ്പ് മുഖേന പ്രസിദ്ധീകരിക്കുന്നതും ഈയിനത്തിലെ ചെലവ് കുറയ്ക്കുന്നതിന് സഹായകകരമാണ്.ഇക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.4/5.2.2019ന് ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഉത്തരവുകൾ പാലിച്ചും, അധിക ചെലവ് വരുത്താതെയും പത്ര പരസ്യം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-5 തെരുവ് വിളക്കുകൾ,തെരുവ് ടാപ്പുകൾ എന്നിവയുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല.

1)വെള്ളക്കരം.

നടുവിൽ ഗ്രാമപഞ്ചായത്ത് വെള്ളക്കരം ഇനത്തിൽ 2017-18 വർഷത്തിൽ 141756രൂപ വാട്ടർ അതോരിറ്റിക്ക് നല്കിയിട്ടുണ്ട്. വാട്ടർ അതോരിറ്റിയുടെ ബിൽ പ്രകാരം 27 ടാപ്പുകളാണമ് നിലവിലുള്ളത് .എന്നാൽ ഗ്രാമപഞ്ചായത്തിൽ എത്ര ടാപ്പുകൾ ഉണ്ടെന്നോ അവയിൽ എത്രയെണ്ണംപ്രവർത്തനക്ഷമമാണെന്നോ കാണിക്കുന്നന രജിസ്റ്ററുൾ സൂക്ഷിച്ചിട്ടില്ല.

2)തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്.

തെരുവ് വിളക്ക് ചാർജ്ജ് ഇനത്തിൽ 298582 രൂപ 2017-18 വർഷത്തിൽ കെ.എസ്.ഇ.ബി.ചപ്പാരപ്പടവ് സെക്ഷനിൽ അടവാക്കുന്നുണ്ട്.ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ എണ്ണവും ഇനവും കാണിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട റിപ്പയർ രജിസ്റ്റർ,പരാതി രജിസ്റ്റർ എന്നിവയും സൂക്ഷിച്ചിട്ടില്ല.

പ്രവർത്തന ക്ഷമമായ തെരുവ് ടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും എണ്ണം തിട്ടപ്പെടുത്തുന്നതിന് സംയുക്ത പരിശോധന നടത്തിയിട്ടില്ലായെന്നും ആയത് ഉടൻ നടത്തുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അറിയിക്കുകയുണ്ടായി.ഇതിനുള്ള നടപടികൾ സത്വരമായി സ്വീകരിക്കേണ്ടതാണ്.

## 3-6 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ-രേഖകൾ സുതാര്യമല്ല.

പ്രൊജക്റ്റ് നം.251/18

നൽകിയ തുക:1,15,852 രൂപ.(തനത് ഫണ്ട്,വൗച്ചർ നം.21701072/23.2.2018)

തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിയുടെ വാർഷീക കരാറിന്റെ ഭാഗമായി ശ്രീ.സി.ശ്രീലേഷ്,എലൈറ്റ് ഇലക്ട്രിക്കൽസ് എന്ന വ്യക്തിക്ക് 1,15,852 രൂപ

നൽകിയിയിട്ടുണ്ട്.ശ്രീ,ശ്രീലേഷിന്റെ ടെൻഡർ ഫയലിൽ ലഭ്യമാണെങ്കിലും ഈ പ്രവർത്തിക്കായി ടെൻഡർ ക്ഷണിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല..ശ്രീ.ശ്രീലേഷ് ക്വാട്ട് ചെയ്തിരുന്ന പ്രകാരം തെരുവ് വിളക്കൊന്നിന് 475 രൂപ പ്രകാരം പ്രവർത്തി ചെയ്യുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സെലക്ഷൻ നോട്ടീസ് അയച്ചിട്ടുണ്ട്.(A1/505/17 തി.19.8.2017)എന്നാൽ ഭരണസമിതിയുടെ ശ്രീ.ശ്രീലേഷിന്റെ ക്വട്ടേഷൻ സ്വീകരിക്കുന്നതിനുള്ള തീരുമാനം ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നതായും കാണുന്നില്ല.മാത്രമല്ല ആകെ തെരുവ് വിളക്കുകളുടെ എണ്ണം വ്യക്തമാക്കുന്ന രജിസ്റ്റർ,തെരുവ് വിളക്ക് റിപ്പയർ രജിസ്റ്റർ മുതലായവയൊന്നും ലഭ്യമാക്കിയിട്ടില്ല.ആയതിനാൽതന്നെ ഓരോ വാർഡിലെയും മെമ്പർമാരുടെ സാക്ഷ്യപ്പെടുത്തലല്ലാതെ എത്ര തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തിയെന്ന് വ്യക്തമാക്കുന്ന രജിസ്റ്ററുകളും ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച് 3055/DA3/2011തസ്വഭവ തി.15.9.2011, G2/44274 /2015തസ്വഭവ തി.17.8.2015,77/DA3/2016തസ്വഭവ തി.7.11.2017,സർക്കുലറുകളിൽ പറയുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ട് മാത്രമേ പ്രവർത്തികൾ കരാറുകാർക്ക് നൽകുന്നുള്ളുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-7 കെ.എസ്.ഇ.ബി.ക്ക് ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തുക നൽകൽ -എഗ്രിമെന്റ്, വിശദമായ എസ്റ്റിമേറ്റ് എന്നിവ വെക്കുന്നില്ല.

നടുവിൽ ഗ്രാമപഞ്ചായത്ത് 2017-18വർഷം പ്രൊജക്ട് നം.276/18 ന്റെ ഭാഗമായി കെ.എസ്.ഇ.ബി യുടെ വിവിധ സെക്ഷനുകളിലായി താഴെ പറയുന്ന വിധം 3,20,769രൂപ പ്ലാൻ ഫണ്ടിൽനിന്നും വൈദ്യുത ലൈൻ വലിക്കുന്നതിനായി ഡെപ്പോസിറ്റ് നൽകിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ.

| പ്രവർത്തിയുടെ പേര്. | ഇല്ക്ട്രിക്കൽ സെക്ഷൻ. | നൽകിയ തുക. | വൗച്ചർ നം. |
|---|---|---|---|
| 12,13 വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ. | ചപ്പാരപ്പടവ്. | 130159 | 6/24.7.2017 |
| | ശ്രീകണ്ഠാപുരം. | 48310 | |
| | ചെമ്പേരി. | 142300 | |

എന്നാൽ ഈ പ്രവർത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.അതിനാൽ ഈ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് മനസ്സിലാക്കുന്നതിന് സാധിച്ചിട്ടില്ല.തുക നൽകുന്നതിന് മുന്നോടിയായി കെ.എസ്.ഇ.ബി.യുമായി കരാർ ഉടമ്പടി ചമച്ചതായും കാണുന്നില്ല.ആയതിനാൽ തന്നെ പൂർത്തീകരണ തിയ്യതി പ്രത്യേകമായി നിഷ്കർഷിച്ചിട്ടുമില്ല.മാത്രമല്ല ഈ പ്രവർത്തികളിൽ ചപ്പാരപ്പടവ്,ശ്രീകണ്ടാപുരം സെക്ഷിനുകളിലേക്ക് തുക അടവാക്കിയിരിക്കുന്നത് വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലല്ല.ഇക്കാരണത്താൽ ഗ്രാമപഞ്ചായത്തിന് ആവശ്യമുള്ള പ്രവർത്തികളുടെ അളവിനനുസൃതമായ തുകയാണോ അടക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നതെന്നും അതുതന്നെ കെ.എസ്.ഇ.ബി.യുടെ നിലവിലുള്ള അംഗീകൃത നിരക്കനുസരിച്ചാണോ തയ്യാറാക്കിയിരിക്കുന്നത് എന്നും മനസ്സിലാക്കുന്നതിന് സാധിക്കുന്നില്ല.ആയതിനാൽ തന്നെ സർക്കുലർ നം. 40308/ഡി.പി.03/തസ്വഭവ. തി.21.8.2003ലെ വ്യവസ്ഥകൾ പാലിക്കാതെയാണ്

കെ.എസ്.ഇ.ബി,ക്ക് ഡെപ്പോസിറ്റ് തുക നൽകിയിരിക്കുന്നത്.ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതും മേൽപറഞ്ഞ മൂന്ന് സെക്ഷനുകളിൽനിന്നും തുക നൽകിയ സമയത്ത് നിലവിലുണ്ടായിരുന്ന നിരക്കിനനുസതമായ എസ്റ്റിമേറ്റും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ കെ.എസ്.ഇ.ബി,വാട്ടർ അതോരിറ്റി മുതലായ സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവർത്തികൾ നൽകുമ്പോൾ സർക്കുലനർ നം .ഡി.എ. 1/881/2018 തസ്വഭവ തി.28.12.2018സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-8 <u>സാധന സാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.</u>

(1)ഓഫീസ് ആവശ്യത്തിന് വാങ്ങിയ ഫർണ്ണിച്ചറുകളും സ്റ്റേഷനറി ഉപകരണങ്ങളും.

കേരള ഫിനാൻഷ്യൽകോഡ് ആർട്ടിക്കിൾ 149(1) പ്രകാരം ഓരോ ഓഫീസ് തലവനും സ്റ്റോക്ക് അക്കൌണ്ടുകൾ സൂക്ഷിക്കേണ്ടതുണ്ട്.സ്ഥാപനത്തിലേക്ക് വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങളും അവയുടെ വിതരണ വിവരങ്ങളും ഈ രജിസ്റ്ററിൽ ചേർക്കേണ്ടതുണ്ട്.(ആർട്ടിക്കിൾ 147,152)കൂടാതെ ഉത്തരവാദിത്തതപ്പെട്ട ഉദ്യോഗസ്ഥൻ സ്റ്റോക്കിന്റെ വാർഷീക പരിശോധനയും നടത്തേണ്ടതുണ്ട്.(ആർട്ടിക്കിൾ 153) എന്നാൽ നടുവിൽ ഗ്രാമപഞ്ചായത്തിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.ആയതിനാൽതന്നെ വാങ്ങിയ സാധനങ്ങൾ കൃത്യമായി സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടുണ്ടെന്ന് ഉറപ്പിക്കുന്നതിന് സാധിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം. | ഇനം. | നൽകിയ തുക.(തനത് ഫണ്ടിൽനിന്നും നേരിട്ട് വാങ്ങിയത്.) | വൌച്ചർ നം./തിയ്യതി. |
|---|---|---|---|
| 1 | ഓഫീസ് ആവശ്യത്തിനുള്ള വിവിധ സ്റ്റേഷനറികൾ (45ഇനങ്ങൾ) | 5878 രൂപ. | 21700017/തി.7.4.2017 |
| 2 | ഓഫീസ് ആവശ്യത്തിനുള്ള അലമാര | 4950രൂപ. | 21700020/തി.7.4.2017 |
| 3 | ഓഫീസ് ആവശ്യത്തിനുള്ള അലമാര | 4950രൂപ. | 21700056/തി.18.4.2017 |

മേൽ സ്റ്റേഷനറികളും ഫർണ്ണിച്ചറുകളും സ്റ്റോക്കിലെടുത്തുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(2)ഗ്രാമസേവന കേന്ദ്രത്തിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ

പ്രൊജക്ട് നം :275/18(31/17 പ്രൊജക്ടിന്റെ സ്പിൽ ഓവർ)

ചെലവ് :75000 രൂപ(വി.ഫ,ബിൽ നം.4/26.4.2017

27477(തനത് ഫണ്ട്,വൌച്ചർ നം.21700338/തി.24.7.2017)

നിർവ്വഹണ ഉദ്യോഗസ്ഥൻ:സെക്രട്ടറി,ഗ്രാമപഞ്ചായത്ത്.

മേൽപറഞ്ഞ പ്രൊജക്റ്റിന്റെ ഭാഗമായി താഴെ പറയുന്ന ഫർണ്ണിച്ചറുകൾ ശാന്തി ഫർണ്ണിച്ചർ&ഹോം അപ്ലയൻസസ് നടുവിൽ എന്ന സ്ഥാപനത്തിൽനിന്നും വാങ്ങിയിട്ടുണ്ട്.എന്നാൽ ഇവ സ്റ്റോക്കിൽ എടുത്തതായി രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | ഇനം. | നിരക്ക് | എണ്ണം. | ആകെ മൂല്യം. |
|---|---|---|---|---|
| 1 | സ്റ്റീൽ ടേബിൾ (വൈറ്റ് ഷീറ്റ്) | 3250 | 19 | 61750 |
| 2 | ഫൈബർ ചെയർ | 413 | 19 | 7847 |
| 3 | | 411 | 80 | 32880 |
| ആകെ. | | | | 102477 |

ഗ്രാമസേവനകേന്ദ്രങ്ങളിലേക്കുമുള്ള ഫർണ്ണിച്ചറുകൾ അതാത് വാർഡ് മെമ്പർമാർ കൈപ്പറ്റിയതിന്റെ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതുപ്രകാരം ആകെ 9 മേശകളും 9 കയ്യുള്ള കസേരയും 83 കയ്യില്ലാത്ത കസേരയും ആണ് മെമ്പർമാർ കൈപ്പറ്റിയിട്ടുള്ളത്.

ഇത് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽനിന്നും താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാവുന്നു.

എ)ഫർണ്ണിച്ചറുകൾ വാങ്ങുന്നതിനായി ടെൻഡർ ക്ഷണിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല.

ബി)ശാന്തി ഫർണ്ണിച്ചർ &ഹോം അപ്ലയൻസസ് നടുവിലിന്റെ ടെൻഡർ അംഗീകരിച്ചിരിക്കുന്ന ഭരണസമിതി തീരുമാനവും തിയ്യതിയും ലഭ്യമല്ല.

സി) ലഭ്യമായ ഫർണ്ണിച്ചറുകൾ സ്റ്റോക്കിൽ എടുത്തതായി രേഖപ്പെടുത്തിയിട്ടില്ല.
ഡി)ആകെ 19 വീതം മേശയും കയ്യുള്ള കസേരകളും ലഭിച്ചതിൽ 9 വീതം മേശയും കസേരകളും മാത്രമാണ് വിതരണം ചെയ്തതായി കാണുന്നത്.അവശേഷിക്കുന്ന 10 വീതം മേശകളുടെയും കസേരകളുടെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഇ)ആകെ കയ്യില്ലാത്ത കസേരകൾ 80 എണ്ണം മാത്രം ലഭിച്ചതായി കാണുമ്പോൾ 83 കസേരകൾ വിതരണം ചെയ്തതായി കാണുന്നു.ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.7/8-2-2019.)മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

(3)<u>വിതരണം ചെയ്യാത്ത മേശ,കസേര എന്നിവകളുടെ തുകയിനത്തിൽ 36630 രൂപ നിരാകരിക്കുന്നു.</u>

സ്റ്റോക്കിൽ ചേർക്കുകയോ ,വിതരണ വിവരങ്ങൾ ലഭ്യമാക്കുകയോ ചെയ്യാത്തതിനാൽ താഴെ പറയുന്ന മേശകളുടെയും കസേരകളുടെയും തുകയിനത്തിൽ 36630 രൂപ തടസ്സപ്പെടുത്തുന്നു.

| ഇനം. | നിരക്ക് | എണ്ണം. | ആകെ മൂല്യം. |
|---|---|---|---|
| സ്റ്റീൽ ടേബിൾ (വൈറ്റ് ഷീറ്റ്) | 3250 | 10 | 32500 |

| | | | |
|---|---|---|---|
| ഫൈബർ ചെയർ | 413 | 10 | 4130 |

കൈപ്പറ്റിയ സ്ഥാപനങ്ങിൽനിന്നുള്ള സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

(4)കൈപ്പറ്റിയ കസേരകൾ സ്ഥാപനത്തിലെത്തിയില്ല-20550 രൂപ നിരാകരിക്കുന്നു.

മേൽപറഞ്ഞ പ്രൊജക്ടിന്റെ ഭാഗമായി വാങ്ങിയ കയ്യില്ലാത്ത കസേരകളിൽ (നീൽകമൽ,മോഡൽ നം.4002)50 എണ്ണം മണ്ടളം മഹാത്മാ പബ്ലിക്ക് ലൈബ്രറിക്ക് വേണ്ടി വാർഡ് xiiലെ മെമ്പർ കൈപ്പറ്റിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഇവ കൈപ്പറ്റിയതായി വായനശാലാ ഭാരവാഹികൾ രേഖപ്പെടുത്തൽ നടത്തുകയോ വായനശാലയുടെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൽപ്പെടുത്തുകയോ ചെയ്തിട്ടില്ല.മാത്രമല്ല വായനശാലയിൽ ഓഡിറ്റ് ടീം അംഗങ്ങൾ ഗ്രാമപഞ്ചായത്ത് പ്രതിനിധികളോടൊപ്പം നടത്തിയ ഭൗതീക പരിശോധനയിൽ നീൽകമൽ കമ്പനിയുടെ കയ്യുള്ള 50 കസേരകൾ കാണുകയുണ്ടായെങ്കിലും (സ്പെസിഫിക്കേഷൻ നം.2160)ഇത് ഗ്രന്ഥശാലകൾക്ക് ഫർണ്ണിച്ചർ എന്ന പ്രൊജക്ടിന്റെ ഭാഗമായി ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ പ്രൊജക്ട് നം.147/18(129/17 പ്രൊജക്ടിന്റെ സ്പിൽഓവർ പ്രൊജക്ട്) ൽ വിതരണം ചെയ്തതാണെന്ന് വ്യക്തമാവുകയും ചെയ്തു.ഈ കസേരകൾ ഹെഡ്മിസ്ട്രസ്സിൽനിന്നും വായനശാല ഭാരവാഹികൾ കൈപ്പറ്റിയതിന്റെ രേഖകൾ ഫയലിൽ ഉണ്ട്.മാത്രമല്ല ഇവ വായനശാലയുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.ആയതിനാൽ പ്രൊജക്ട് നം.275/18 ഭാഗമായി വാർഡ് മെമ്പർ കൈപ്പറ്റിയതായി കാണുന്നതും എന്നാൽ വായനശാലാ വായനശാലക്ക് ലഭിക്കാത്തതുമായ കസേരകളുടെ വിലയിനത്തിൽ (50X411) 20550 രൂപ നിരാകരിക്കുന്നു.തുക ഉത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽനിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-9 മരുന്നുകൾ ലഭ്യമായിട്ടില്ല

നിർവ്വഹണഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ,പിഎച്ച്.സി

പ്രൊജക്ട് നമ്പർ : 221/18

പ്രോജക്ടിന്റെ പേര് : ഗൃഹകേന്ദ്രീകൃത സാന്ത്വനപരിചരണം

വകയിരുത്തിയ തുക : ₹400000 വികസന ഫണ്ട്

₹200000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം

₹372394 വികസന ഫണ്ട്

₹200000 ജില്ലാപഞ്ചായത്ത് വിഹിതം

ആകെ ₹800000

ചെലവുതുക ₹372394 വികസന ഫണ്ട്

₹200000 ജില്ലാപഞ്ചായത്ത് വിഹിതം

ആകെ ₹572394

മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രൊജക്ടിന്റെ ഭാഗമായി വികസനഫണ്ടിൽ നിന്നും ₹110000 കേരള മെഡിക്കൽ സർവ്വീസ്

കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിന് മുൻകൂറായി നൽകിയിട്ടുണ്ട്. ആയത് പ്രകാരം ലഭ്യമായ മരുന്നുകളുടെ വില ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഇൻവോയ്സ് നമ്പർ/തീയതി | തുക |
|---|---|---|
| 1 | 1180/21.5.2018 | 17564 |
| 2 | 305/21.5.2018 | 11027 |
| 3 | 5031/20.07.2018 | 28931 |
| 4 | 6158/7.8.2018 | 16351 |
| 5 | 6159/7.8.2018 | 9910 |
| 6 | 12736/21.11.2018 | 1581 |
| 7 | 1661/21.11.2018 | 11756 |
|  | ആകെ | 97120 |

ബാക്കി മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

2. ജില്ലാപഞ്ചായത്ത് വിഹിതത്തിൽ നിന്നും ₹137755 മരുന്നും മറ്റ് ഉപകരണങ്ങളും ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. ആയത് പ്രകാരം ലഭ്യമായ മരുന്നുകളുടെ വില ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഇൻവോയ്സ് നമ്പർ/തീയതി | തുക |
|---|---|---|
| 1 | 12726/21.11.2018 | 29353 |
| 2 | 13034/23.11.2018 | 8855 |
| 3 | 13032/23.11.2018 | 20600 |

| | | |
|---|---|---|
| | ആകെ | 58808 |

ബാക്കി മരുന്നുകൾ/ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 ഫർണ്ണിച്ചർ വാങ്ങൽ- ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ: ഐ.സി.ഡി.എസ് സൂപ്പർവൈസർ
പ്രോജക്ട് നമ്പർ / : 132/18

പേര് : മണ്ടളം, കരുവഞ്ചാൽ വയോജനമന്ദിരം ഫർണ്ണിച്ചർ വാങ്ങൽ

വകയിരുത്തിയ തുക : ₹80000 വികസന ഫണ്ട്

ചെലവു തുക : ₹68757 ബിൽ നം/തീയതി 25/17-18 ,23.3.2018

₹6900 ബിൽ നം/തീയതി 26/17-18,23.3.2018

ആകെ ₹75657

മേൽ ബില്ലുകൾ പ്രകാരമുള്ള തുക വയോജനമന്ദിരങ്ങളിലേക്ക് നൽകുന്നതിനായി 125 കസേരകൾ, സ്റ്റീൽ അലമാര -1, സ്റ്റീൽ ടേബിൾ -2 എണ്ണം എന്നിവ വാങ്ങുന്നതിനാണ് ചെലവഴിച്ചിട്ടുള്ളത്. ഇതിൽ കസേരകൾ- 100 എണ്ണം, മേശ-1, അലമാര- 1 എന്നിവ മണ്ടളം വയോജനമന്ദിരത്തിലേക്കും 25 കസേരകൾ കരുവഞ്ചാൽ വയോജനമന്ദിരത്തിലേക്കും 7.3.2018 നൽകിയിട്ടുണ്ട്. ഒരു സ്റ്റീൽ ടേബിൾ കരുവഞ്ചാൽ വയോജനമന്ദിരത്തിലേക്ക് നൽകേണ്ടിയിരുന്നതാണ്. എന്നാൽ ഇത് കൊട്ടേഷൻ പ്രകാരം വിതരണം ചെയ്യേണ്ടിയിരുന്ന ശാന്തി ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കി വിതരണം നടത്തിയിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന്റെ(10/11.02.2019)അടിസ്ഥാനത്തിൽ മേൽ സ്ഥാപനത്തിൽ നിന്നും 14.02.2019 തീയതിയിൽ സ്റ്റീൽ ടേബിൾ കരുവഞ്ചാൽ വയോജനമന്ദിരത്തിന് ലഭ്യമാക്കിയിട്ടുണ്ട്. ഫർണ്ണിച്ചർ വാങ്ങി നൽകുമ്പോൾ അത് സ്ഥാപനങ്ങൾക്ക് കൃത്യമായി ലഭിക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

## 3-11 ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ക്വാളിറ്റി പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്.ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. 2017-18 വർഷം ഗ്രാമപഞ്ചായത്തിലെ അംഗനവാടികളിലേക്കുള്ള ന്യൂട്രിമിക്സ് വാങ്ങിച്ചിട്ടുള്ളത് നാച്ചുറൽ ഫുഡ് പ്രൊഡക്ട്സ് എന്ന സ്ഥാപനത്തിൽ നിന്നുമാണ്.എന്നാൽ മേൽ സ്ഥാപനത്തിൽ നിർമ്മിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ 2017-18 വർഷം ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് മറുപടിയായി(10/11.02.2019) ക്വാളിറ്റി പരിശോധന

നടത്തേണ്ടത് സി.ഡി പി ഒ ആണെന്നും റിപ്പോർട്ടിന്റെ കോപ്പി ഐ.സി ഡിഎസ് പ്രൊജക്ട് ഓഫീസിൽ നിന്നും ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് . ക്വാളിറ്റി പരിശോധന നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-12 പശ്ചിമഘട്ട വികസന പദ്ധതി -പൂർത്തീകരണത്തിൽ കാലതാമസം.

നടുവിൽ ഗ്രാമപഞ്ചായത്തിൽ പശ്ചിമഘട്ടവികസന പദ്ധതിയുടെ ഭാഗമായി 2017-18വർഷം താഴെ പറയും പ്രകാരം തുകകൾ കൃഷി ഓഫീസർ നൽകിയിട്ടുണ്ട്.

| ക്രമനം. | വാട്ടർ ,ഷെഡിന്റെ പേര്. | അക്കൗണ്ട് നം. | നൽകിയ തുക.(രൂപയിൽ) | വൗച്ചർ നം./ തിയ്യതി. | അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യതിയ്യതി. |
|---|---|---|---|---|---|
| 1 | മാവുംചാൽ | 5640 (നടുവിൽ സർവ്വീസ് സഹകരണ ബാങ്ക്.) | 2133000 | 21700585/10.10.2017 | 21.10.2017 |
| 2 | കൈപ്പാംകുഴി | 56831 (നടുവിൽ സർവ്വീസ് സഹകരണ ബാങ്ക്.) | 2433000 | 21700584/10.10.2017 | 26.10.2017 |
| 3 | മാവുംചാൽ &കൈപ്പാംകുഴി | 719091400000002 (ടി.എസ്.ബി.ആലക്കോട്) | 570750 | ബിൽ നം.2/16.2.2018. | 21.12.2017 |

2013-14 വർഷത്തിൽ തുടങ്ങി 2015-16വർഷത്തിൽ അവസാനിക്കേണ്ട പ്രൊജക്ടുകളായിരുന്നു ഇവ.ഇവയിൽ കൈപ്പാംകുഴി വാട്ടർഷെഡിന്റെ 2013-14,2014-15 വർഷങ്ങളിൽ ലഭ്യമായ ഫണ്ട് മുഴുവനായും തൻവർഷം തന്നെ ചെലവഴിച്ചതായി ചെലവ് രേഖകൾ പരിശോധിച്ചതിൽനിന്നും മനസ്സിലാവുന്നു.അതുപോലെ മാവുംചാൽ വാട്ടർഷെഡിന് അനുവദിച്ച തുകയിൽ 2013-14വർഷത്തിൽ 99.94 ശതമാനവും 2014-15വർഷത്തിൽ 95.1 ശതമാനവും ചെലവഴിച്ചിട്ടുണ്ട്.തുടർന്ന് 2015-16വർഷത്തിൽ ലഭിക്കേണ്ടിയിരുന്ന സർക്കാർ വിഹിതം ഗ്രാമപഞ്ചായത്തിൽ 2017-18വർഷം ലഭിച്ചതാണ് മുകളിൽ പറഞ്ഞ വിധം ക്രമം. 1,2 ആയി കൈമാറിയിരിക്കുന്നത്.ഇങ്ങനെ കൈമാറ്റപ്പെട്ട തുകയിൽ നാളിതുവരെ കൈപ്പാംകുഴി വാട്ടർഷെഡിനായി 71.2ശതമാനം മാത്രവും മാവുംചാൽ വാട്ടർഷെഡിനായി 43.76ശതമാനം മാത്രവുമാണ് ചെലവഴിച്ചിട്ടുള്ളത്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വിവിധ പ്രവർത്തികൾ കൃത്യസമയത്ത് അളവെടുത്ത് ലഭ്യമാകുന്നതിൽ വരുന്ന കാലതാമസമാണ് തുക ചെലവഴിക്കുന്നതിലുള്ള കാലതാമസത്തിന്റെ പ്രധാന കാരണമെന്ന് കൃഷി ഓഫീസർ വ്യക്തമാക്കുകയുണ്ടായി.പ്രൊജക്ടുകളുടെ പൂർത്തീകരണത്തിന് വിവധ മോണിറ്ററിംഗ് കമ്മറ്റികളിലെ ടെക്നിക്കൽ സമിതി അംഗങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.പ്രൊജക്ടിന്റെ പൂർത്തീകരണ കാലാവധികഴിഞ്ഞിട്ടും തുക വിനിയോഗം വളരെ കുറവായിരിക്കുന്നത് അവശേഷിക്കുന്ന തുക നഷ്ടപ്പെടുന്നതിന് ഇടയാക്കുമെന്നതിനാൽ പ്രവർത്തികളുടെ പൂർത്തീകരണത്തിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്കും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-13 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ - തുക ലാപ്സായി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നല്കൽ തുക ലാപസായി

നിർവ്വഹണം- ഡയറി എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് നമ്പർ 138/18 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

അടങ്കൽ 2200000 ലക്ഷം ( 550000/- വികസന ഫണ്ട്, 1100000 , ബ്ളോക്ക് പഞ്ചായത്ത് ,550000 ജില്ലാ പഞ്ചായത്ത്)

ഡയറി എക്സ്റ്റൻഷൻ ഓഫീസർ 2017-18 ൽ സംയുക്തപ്രോജക്ടായി നടപ്പിലാക്കിയ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ എന്നപദ്ധതിക്ക് 2200000 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും ,വികസന ഫണ്ട് 550000/- രൂപയും , ബ്ളോക്ക് പഞ്ചായത്ത് വിഹിതം 549995 രൂപയും ഉൾപ്പെടെ ആകെ 1099995 രൂപ മാത്രമാണ് ചെലവഴിച്ചത്. ബ്ളോക്ക് പഞ്ചായത്ത് വിഹിതം 550005/രൂപയും,ജില്ലാ പഞ്ചായത്ത് വിഹിതം 550000/രൂപയും ചെലവഴിക്കപ്പെടാതെ ലാപ്സായതായിട്ടാണ് കാണുന്നത്. ഈ തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാത്തതുമൂലമാണ് തുക ലാപ്സായത്. ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് വിതരണം ചെയ്യേണ്ട തുകയാണ് നഷ്ടമായിരിക്കുന്നത്.

പദ്ധതി മാർഗ്ഗരേഖയനുസരിച്ച് ക്ഷീരകർഷകർക്കുള്ള സബ്സിഡി തുകകൾ ബന്ധപ്പെട്ട കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറേണ്ടതാണെങ്കിലും അപ്രകാരം ചെയ്യാതെ വിവിധ ക്ഷീരസഹകരണ സംഘങ്ങൾക്ക് കൈമാറുകയാണ് ചെയ്തിരിക്കുന്നത്.

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന്(എൻക്വയറി നമ്പർ 5) ലഭ്യമാക്കിയ മറുപടിയിൽ അടുത്ത വർഷം ഇത്തരം അപാകതകൾ ആവർത്തിക്കില്ലായെന്നാണ് .

## 3-14 പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ബിറ്റുമിൻ ട്രാൻസ്പോർട്ടേഷൻ ടെൻഡർ നൽകി.

2016-17വർഷത്തിലെ പൂർത്തിയാവാത്ത റോഡ് ടാറിംഗ് പ്രവർത്തികൾ 2017-18വർഷത്തിൽ സ്പിൽ ഓവർ ആയി നടത്തുന്നതിനാവശ്യമായ ടാർ കൊച്ചിയിൽനിന്നും നടുവിൽ ഗ്രാമപഞ്ചായത്തിൽ എത്തിക്കുന്നതിന് A1/500/16 തി. 1.3.2017പ്രകാരം ടെൻഡർ വിളിച്ചിരുന്നു.ഇതിനെ തുടർന്ന് ജോർജ്ജ് കെ.വി,കോഴിപ്പാടത്ത് എന്നയാൾ സമർപ്പിച്ച ടെൻഡർ അംഗീകരിച്ചതായി A1/500/16 തി. 15.3.2017കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിക്കുകയും പ്രസ്തുത കത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് കരാർ ഉടമ്പടി ചമക്കുകയും ചെയ്തിട്ടുണ്ട്.(കരാർ ഉടമ്പടി നം.(ഇല്ല)തി16.3.2017) ശ്രീ.ജോർജ്ജ് ക്വാട്ട് ചെയ്തിരിക്കുന്ന തുക ടണ്ണിന് 2475രൂപയാണ്.എന്നാൽ ശ്രീ.ജോർജ്ജിന്റെ ക്വട്ടേഷൻ ഭരണസമിതി അംഗീകരിച്ചതായി ഫയലിൽ എവിടെയും രേഖപ്പെടുത്തിക്കാണുന്നില്ല.മാത്രമല്ല ശ്രീ.ജോർജ്ജിന് പ്രവർത്തി നൽകിയതിന് ശേഷം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.4.2017തിയ്യതിയിലെ 7(14) തീരുമാനപ്രകാരം കെ.എസ്.എഫ്& ട്രാൻസ്പോർട്സ് എന്ന സ്ഥാപനത്തിന് പ്രവർത്തി ഏല്പിച്ച് കൊടുത്തതായി കാണുന്നു.ഈ സ്ഥാപനമാണ് ഗ്രാമപഞ്ചായത്തിൽ ടാർ എത്തിച്ചുതന്നിരിക്കുന്നത്. (ഇതിനായി സ്ഥാപനത്തിന് കയറ്റ് കൂലി ഉൾപ്പെടെ 235584രൂപ നൽകിയിട്ടുമുണ്ട്.വൗച്ചർ നം.21700226/30.6.2017)കുറഞ്ഞ നിരക്കിൽ ടാർ എത്തിക്കാമെന്ന് പ്രസ്തുത സ്ഥാപനം അറിയിച്ചതിനാൽ സ്ഥാപനത്തെ പ്രവർത്തി ഏല്പിക്കുന്നുവെന്നാണ് മിനുട്സിൽ രേഖപ്പെടുത്തിയിരിക്കുന്നത്.ഇക്കാര്യങ്ങളൊക്കെ ഓഡിറ്റ് എൻക്വയറി നം 2/5.2.2019 മുഖേന

അറിയിച്ചിരുന്നുവെങ്കിലും മറുപടി ലഭിക്കുകയുണ്ടായില്ല.

പ്രക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പ്രകാരം ടെൻഡർ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന് പ്രവർത്തി ഏല്പിച്ച് കരാർ ഉടമ്പടി ചമച്ചതിന് ശേഷം ടെൻഡറിൽ പങ്കെടുക്കാത്ത മറ്റൊരു സ്ഥാപനത്തിന് പ്രവർത്തി ഏല്പിച്ച് തൊട്ടത്ത് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണ്.മാത്രമല്ല കെ.എസ്.എഫ്& ട്രാൻസ്പോർട്സ് എന്ന സ്ഥാപനം തങ്ങളുടെ നിരക്ക് എപ്രകാരമാണ് ഗ്രാമപഞ്ചായത്തിനെ അറിയിച്ചതെന്നും ഫയലിൽ വ്യക്തമല്ല.ഇത്തരം വീഴ്ചകൾ ഭാവിയിൽ ഉണ്ടാവുന്നില്ലയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-15 മരാമത്ത് പ്രവർത്തികൾക്ക് ടാർ വാങ്ങൽ -ഗുരുതര നിയമലംഘനം. 4716358 രൂപയുടെ ചെലവ് തടസത്തിൽ വയ്ക്കുന്നു. സമഗ്രമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു

2016-17, 2017-18 വർഷങ്ങളിൽ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത 66 ഗുണഭോക്തൃസമിതി കൺവീനർമാർക്ക് നൽകുന്നതിനായി ആകെ 740 ബാരൽ (VG30 587 ബാരൽ RS1 59 ബാരൽ SS1 94 ബാരൽ) ബിറ്റുമിൻ വാങ്ങുന്നതിന് പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടതു പ്രകാരം ആകെ 716 ബാരൽ (VG30 587 ബാരൽ RS1 59 ബാരൽ SS1 70 ബാരൽ) ബിറ്റുമിൻ,ബി പി സി എൽ, സിഡ്കോ, HINCOL ൽ നിന്ന് സ്വകാര്യ വ്യക്തി വഴിയും, വാങ്ങി നൽകുകയും , ഇപ്രകാരം ലഭ്യമാക്കിയ ബിറ്റുമിനിൽ ആകെ 552 ബാരൽ (VG30 439 ബാരൽ RS1 43 ബാരൽ SS1 70 ബാരൽ) മാത്രമാണ് നാളിതുവരെയായിട്ട് 45 ഗുണഭോക്തൃസമിതി കൺവീനർമാർക്ക് നൽകിയതും, ബാക്കി 164 ബാരൽ (VG30 148ബാരൽ RS1 16 ബാരൽ ) കൈവശമുള്ളതായുമാണ് അസിസ്റ്റൻറ് എൻജിനിയറുടെ കൈവശമുള്ള ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കാണുന്നത്. 13-2-2019 ൽ ഗ്രാമപഞ്ചായത്ത് ഹെഡ് ക്ളാർക്കിൻെറ സാന്നിധ്യത്തിൽ നടത്തിയ പരിശോധനയിൽ ആകെ 208 ബാരൽ (VG30 182 ബാരൽ, RS1 15 ബാരൽ , SS1 11 ബാരൽ) പഞ്ചായത്ത് കേമ്പൗണ്ടിൽ ഉള്ളതായിട്ടും (44 ബാരൽ അധികം) ,പലബാരലുകളും പൊട്ടിയൊലിച്ച ഉപയോഗശൂന്യമായികൊണ്ടിരിക്കുകയാണ് . ഇതിൻെറ വില ഏകദേശം പത്തുലക്ഷം രൂപ വരും

2017-18 ൽ ബിറ്റുമിൻ വാങ്ങുന്നതിന് 4716358 രൂപ ചെലവഴിച്ചിട്ടുണ്ട് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം. | ആവശ്യപ്പെട്ട ടാർ-ബാരൽ എണ്ണം | നൽകിയ തുക(രൂപയിൽ) | വൌച്ചർ നം. | തുക കൈപ്പറ്റിയ സ്ഥാപനം / വ്യക്തി | ടാർ വിതരണം ചെയ്യുന്ന സ്ഥാപനം. |
|---|---|---|---|---|---|
| 1) | SS1- 79 | 951492 | 21700016/7.4.2017 | ശ്രീമതി.ഹസ്രത്ത് ബീവി കെ. ഐ. തൃപ്പൂണിത്തുറ | ഹിന്ദുസ്ഥാൻ കോളാസ് പ്രൈവറ്റ് ലിമിറ്റഡ് കൊച്ചിൻ. |
| 2) | VG 30 542 | 2400000 | 21700067/19.4.2017 | ബി.പി.സി.എൽ.കൊച്ചിൻ. | ബി.പി.സി.എൽ.കൊച്ചിൻ. |
| 3) | RS1 54 | 847343 | 1537191/19.4.2017 | | |

| | | | | | |
|---|---|---|---|---|---|
| 4) | SS1 15<br>VG 30 45<br>RS1 5 | 517523 | 21701227/19.3.2018 | സിഡ്കോ,കണ്ണൂർ. | സിഡ്കോ,കണ്ണൂർ. |
| ആകെ. | | 4716358 | | | |

ലഭിച്ച ടാറിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1

| ടാർ സപ്ളൈ ചെയ്ത സ്ഥാപനം | ബിറ്റുമിൻ ഇനം | ബാരൽ എണ്ണം | ഇൻവോയ്സ് നമ്പർ /തിയതി | തുക |
|---|---|---|---|---|
| ബിപിസി.എൽ.കൊച്ചിൻ. | VG30 | 100 | 6300602481 / 24-4-2017 | 502795 |
| “ | “ | 70 | 630008107 /24-4-2017 | 351956 |
| “ | “ | 50 | 630009652/ 27-4-2017 | 251397 |
| “ | “ | 60 | 6300010734/2-5-2017 | 304478 |
| “ | “ | 100 | 6300011779/ 4-5-2017 | 507463 |
| “ | “ | 86 | 6300017456/ 17-5-2017 | 442842 |
| “ | “ | 76 | 4550073080/ 12-1-2018 | 423340 |
| ആകെ | | 542 | | 2784271 |
| ബിപിസി.എൽ.കൊച്ചിൻ. | RS1 | 40 | 630008104/ 24-4-2017 | 258863 |
| “ | “ | 14 | 6300011782/ 4-5-2017 | 91151 |
| ആകെ | | 54 | | 350014 |
| ഒട്ടാകെ | | | | 3134285 |

ആവശ്യപ്പെട്ടയത്രയും ബിറ്റുമിൻ ബാരലുകൾ ബിപിസി.എൽ.കമ്പനിയിൽ നിന്ന് ലഭിച്ചുവെങ്കിലും വില കുറവുമൂലം നൽകിയ 3247343 രൂപയിൽ 3134285 രൂപയുടെ ബിറ്റുമിൻ മാത്രമാണ് ലഭിച്ചിരിക്കുന്നത്. ബാക്കി 113058 രൂപ ഇപ്പോഴും ബി പി സി എൽ കമ്പനിയുടെ പക്കലുണ്ട്. ഈ തുക

തിരികെ ലഭിക്കുന്നതിന് ഇതുവരെ യാതോരു നടപടിയും ഗ്രാമപഞ്ചായത്തിൻെറ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

2

| ടാർ സപ്ളൈ ചെയ്ത സ്ഥാപനം /വ്യക്തി | ബിറ്റുമിൻ ഇനം | ബാരൽ എണ്ണം | ഇൻവോയ്സ് നമ്പർ തിയതി | തുക |
|---|---|---|---|---|
| ശ്രീമതി.ഹസ്രത്ത് ബീവി കെ. ഐ. തൃപ്പൂണിത്തുറ | SS1 | 29 | 59421/22-5-2017<br>(HINCOL) | 339160 |
| “ | “ | 14 | 4207102296/<br>1-2-2018<br>“ | 177901 |
| “ | “ | 12 | 4207103070/<br>17-2-2018<br>“ | 150804 |
| ആകെ | | 55 | | 667865 |

951492 രൂപ ശ്രീമതി.ഹസ്രത്ത് ബീവി കെ. ഐ.എന്ന വ്യക്തിയുടെ തൃപ്പൂണിത്തുറയിലുള്ള ആക്സിസ് ബാങ്കിലെ CA917020026232987എന്ന അക്കൗണ്ടിലേക്ക് മാറ്റുന്നതിനാണ് ആലക്കോട് സബ്ട്രഷറി ഓഫീസർക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി A1/500/17 തി.31.3.2017കത്ത് മുഖേന അപേക്ഷിച്ചിട്ടുള്ളത്.ചെക്ക് നം.1537188/7.4.2017 പ്രകാരം ഈ തുക സെക്രട്ടറിയുടെ ടി.എസ്.ബി.അക്കൗണ്ടിൽനിന്നും ശ്രീമതി.ഹസ്രത്ത് ബീവിക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നുമുണ്ട്.ഹിന്ദുസ്ഥാൻ കോളാസ് പ്രൈവറ്റ് ലിമിറ്റഡിലേക്ക് നൽകേണ്ട തുക ശ്രീമതി.ഹസ്രത്ത് ബീവിയുടെ അക്കൗണ്ടിലേക്ക് നൽകിയതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

SS1 ബിറ്റുമിൻെറ 79 ബാരലുകൾ ആവശ്യപ്പെട്ട് യാതോരുവിധ കരാറും ഒപ്പിടൊത നിയമങ്ങളെല്ലാം ലംഘിച്ച് ശ്രീമതി.ഹസ്രത്ത് ബീവിക്ക് 951492 രൂപ കൈമാറിയെങ്കിലും 667865രൂപയ്ക്കുള്ള 55 ബാരലുകൾ മാത്രമാണ് ലഭിച്ചിരിക്കുന്നത്.ബാക്കി 283627 രൂപയ്ക്കുള്ള 24 ബാരലുകൾ ഓഡിറ്റ് സമയം വരെ ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടില്ല. ബാക്കി 283627 രൂപയ്ക്കുള്ള ബിറ്റുമിൻ ലഭ്യമാക്കാത്തതിനാൽ ശ്രീമതി.ഹസ്രത്ത് ബീവിക്ക് എതിരെ 29-3-2018 ൽ കുടിയാൻമല പോലീസ് സ്റ്റേഷനിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പരാതി നല്കിയിട്ടുണ്ട് .എന്നാൽ ഏറ്റവും അവസാനം ലഭിച്ച 12 ബാരലിൻെറ

ഇൻവോയ്സ് ബില്ലിലെ (4207103070) 17-2-2018 എന്ന തിയതി 22-12-2017 എന്നു തിരുത്തി ഇതിൻെറ പകർപ്പാണ് പോലീസിന് കൈമാറിയതായി കാണുന്നത്.

3

| ടാർ സപ്ളൈ ചെയ്ത സ്ഥാപനം /വ്യക്തി | ബിറ്റുമിൻ ഇനം | ബാരൽ എണ്ണം | ഇൻവോയ്സ് നമ്പർ തിയതി | തുക |
|---|---|---|---|---|
| സിഡ്കോ കണ്ണൂർ | VG30<br>RS1<br>SS1 | 30<br>1<br>15 | RMDVN/GST 6284 | 380082 |
| " | VG30<br>RS1 | 15<br>4 | RMDVN/GST 0084/ 6-4-2018 | 125477 |
| ആകെ | | | | 505559 |

സിഡ്കോയ്ക്ക് നൽകിയ തുകയിൽ 505559 രൂപ ടാറിനും ബാക്കി ട്രാൻസ്പോർട്ടേഷൻ ചാർജായും ക്രമീകരിച്ചിട്ടുണ്ട്.

ബിറ്റുമിൻ വാങ്ങിയതുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ചിരിക്കുന്ന അപാകതകൾക്ക് പുറമെ ,നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകതകളും കാണുന്നു.

1. മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത 66 ഗുണഭോക്തൃസമിതി കൺവിനർമാർക്കുവേണ്ടിയാണ് ബിറ്റുമിൻ വാങ്ങിയതെങ്കിലും ആകെ 45 കൺവീനർമാർ മാത്രമാണ് കൈപ്പറ്റിയിരിക്കുന്നത് .ബിറ്റുമിൻ കൈപ്പറ്റാത്ത 21 ഗുണഭോക്തൃസമിതി കൺവിനർമാർ കരാറുടമ്പടി ഒപ്പിട്ടിരുന്നുവോയെന്നും, കരാർ ഒപ്പിട്ടിരുന്നുവെങ്കിൽ കരാർ വീഴ്ചയ്ക്ക് എന്തു നടപടി സ്വീകരിച്ചുവെന്നുമുള്ള കാര്യങ്ങൾ വ്യക്തമല്ല.

2. ബിറ്റുമിൻ കൈപ്പറ്റിയ45 കൺവീനർമാർ ബന്ധപ്പെട്ട മരാമത്ത് പ്രവർത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബില്ലുകൾ സമർപ്പിച്ചിട്ടുണ്ടോയെന്നും , പൂർത്തീകരിച്ചിട്ടില്ലായെങ്കിൽ അവയുടെ വിശദാംശങ്ങൾ , കരാർ വീഴ്ചയ്ക്ക് നഷ്ടം ഈടാക്കുന്നതുൾപ്പെടെ എന്തു നടപടി സ്വീകരിച്ചുവെന്നുമുള്ള കാര്യങ്ങളും വ്യക്തമല്ല.

4. 2016-17, 2017-18 വർഷങ്ങളിൽ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത ഗുണഭോക്തൃസമിതി കൺവിനർമാർക്ക് പ്രവർത്തി നടപ്പിലാക്കുന്നതിനായി മുൻകൂർ തുക നൽകിയതായി കാണുന്നുണ്ട്. മുൻകൂർ തുക കൈപ്പറ്റിയ കൺവിനർമാർ എല്ലാവരും പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടോ? പൂർത്തീകരിച്ചിട്ടില്ലായെങ്കിൽ അവയുടെ വിശദാംശങ്ങൾ ,മുൻകൂർ തുക തിരിച്ചുപിടിച്ചിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ , തുടങ്ങിയ കാര്യങ്ങളൊന്നും വ്യക്തമല്ല.

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിനു ലഭ്യമാക്കിയ മറുപടിയിൽ

പരിശോധിച്ച് മറുപടി തരാം എന്നമാത്രമാണ് പറഞ്ഞിരിക്കുന്നത്

ഇക്കാര്യങ്ങളിലേക്ക് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും ഭരണ സമിതിയുടെയും, ഭരണ വകുപ്പിൻെറയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം പ്രത്യേക അന്വേഷണത്തിനും ശുപാർശചെയ്യുന്നു. അന്വേഷണം പൂർത്തിയാക്കുന്നതുവരെ ടാർ വാങ്ങുന്നതിന് ചെലവഴിച്ച 4716358 രൂപയുടെ ചെലവ് തടസത്തിൽ വയ്ക്കുന്നു.

## 3-16 കരാർ ഒപ്പിടാൻ കാലതാമസം-പിഴ ഈടാക്കിയിട്ടില്ല

2012 ലെ കേരളപൊതുമരാമത്ത് ചട്ടങ്ങളിലെ വ്യവസ്ഥ 2009-6 പ്രകാരം സെലക്ഷൻ നോട്ടീസ് ലഭിച്ച് 14 ദിവസത്തിനകം കരാർ വയ്ക്കണമെന്നും തുടർന്നുള്ള 10 ദിവസം വരെ കരാർ തുകയുടെ( PAC) 1% പിഴ ഈടാക്കണമെന്നും വ്യവസ്ഥ ഉണ്ടെങ്കിലും കരാർ ഒപ്പിടുന്നതിൽ കാലതാമസം വരുത്തിയ താഴെ ചേർക്കുന്ന മരാമത്ത് പ്രവർത്തിയുടെ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയതായി കാണുന്നില്ല.

1) പ്രൊജക്ട് നം 14/18 നടുവിൽ ബസ് സ്റ്റാൻറ് അടിസ്ഥാന സൗകര്യ വികസനം

നിർവ്വഹണം . അസി.എഞ്ചിനീയർ

എഗ്രിമെൻറ് നമ്പർ AE/LSGD/NGP/10/17-18 തിയതി 23-8-2017

ബിൽ നമ്പർ 45/17-18 തി. 26-2-2018 467481 രൂപ

9.5 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള പ്രവൃത്തി 29-5-17 ലെ 4(1)/17 ാം നമ്പർ തീരുമാനപ്രകാരം 835181.91/- രൂപയ്ക്കുള്ള ശ്രീ ടി മനുവിന്റെ ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് നൽകി (നോട്ടീസിൽ തിയതി രേഖപ്പെടിത്തിയിട്ടില്ല). നോട്ടീസ് പ്രകാരം 7-7-17 വരെ പിഴയില്ലാതെയും 17-7-17 വരെ 1% പിഴയോടുകൂടിയും കരാർ ഒപ്പിടാമെന്നായിരുന്നു. കരാറുകാരൻ 23-8-17 നാണ് കരാർ ഒപ്പിട്ടിരിക്കുന്നത് എങ്കിലും എഗ്രിമെന്റ് കാലതാമസത്തിന് പിഴ ഈടാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് 8352 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് .ഈ തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-17 ബിറ്റുമിൻ - ട്രാൻസ്പോർട്ടേഷൻ ചാർജ് ഈടാക്കിയതിലെ അപാകത 15890 രൂപയുടെ നഷ്ടം

തദ്ദേശ സ്വയം ഭരണ വകുപ്പിൻെറ 1-3-2017 ലെ സ. ഉ. (സാധാ)നമ്പർ 564/17 /ത സ്വ ഭ വ ഉത്തരവുപ്രകാരം 2016-17, 2017-18 വർഷങ്ങളിൽ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത ഗുണഭോക്തൃസമിതി കൺവീനർമാർക്ക് നൽകുന്നതിനായി ബിറ്റുമിൻ വാങ്ങി നൽകിയിരുന്നു മേൽ പരാമർശിച്ച ഉത്തരവിൽ ബിറ്റുമിൻെറ വിലയും കയറ്റിറക്കുകൂലിയുൾപ്പെടെ ട്രാൻസ്പോർട്ടേഷൻ ചാർജും കരാറുകാരിൽ നിന്നും ഈടാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ അസി.എൻജിനീയർ നിർവ്വഹണം നടത്തി 2017-18 അവസാന ബിൽ തുക നൽകിയ താഴെ ചേർക്കുന്ന മരാമത്ത് പ്രവർത്തികളുടെ ആകെ പ്രവർത്തിമൂല്യത്തിൽ നിന്നും ട്രാൻസ്പോർട്ടേഷൻ ചാർജ് കുറയ്ക്കുന്നതിന് പകരം ആകെ പ്രവർത്തിമൂല്യത്തിൻെറ കൂടെ ട്രാൻസ്പോർട്ടേഷൻ ചാർജ് കൂട്ടി പിന്നീട് ഇതേ തുക തന്നെ കുറവ് വരുത്തുകയാണ് ചെയ്തിരിക്കുന്നത്. ഇപ്രകാരം ചെയ്യുന്നതിനാൽ ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിൽ തുകയൊന്നും തന്നെ ഗ്രാമ പഞ്ചായത്തിൻെ അക്കൗണ്ടിലേക്ക് വരുന്നില്ല. പകരം ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിൽ ലഭിക്കേണ്ട 15890 രൂപ (3859 +8172+3859) നഷ്ടമാവുകയാണുണ്ടായിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| പ്രോ.നമ്പർപേര് | കൺവീനറുടെ പേര് | എഗ്രിമെൻറ് / എം ബുക്ക് | തയാറാക്കിയ ബിൽ | തയാറാക്കേണ്ടിയിരുന്ന ബിൽ | അധിക തുക | ബിൽ നമ്പർ/ തുക |
|---|---|---|---|---|---|---|
| 38/18 ചെറുതേൻകല്ല് അയ്യൻമട റോഡ് ടാറിംഗ് | ജെയ്സൺ ജോസഫ് | 19/LSGD /Naduvil /16-17 തി.3-2-2017<br>19/16-17 | ആകെ പ്രവർത്തിമൂല്യം<br>361683<br>(-) overhead charge 2.5% 9042<br>352641<br>(-)cost of bitumen 57029<br>-----------------<br>2956212<br>( +)conveyence 3859<br>299471<br>(-) vat 5% 17632<br>(-)IT 2% 7053<br>(-) KCWF 3526<br>(-)Cost of barrel 2142<br>(-) vat 311<br>(-)conveyence 3859<br>TO CONVENOR 264948 | ആകെ പ്രവർത്തിമൂല്യം<br>361683<br>(-) overhead charge 2.5% 9042<br>352641<br>(-)cost of bitumen 57029<br>-----------------<br>2956212<br>(-) vat 5% 17632<br>(-)IT 2% 7053<br>(-) KCWF 3526<br>(-)Cost of barrel 2142<br>(-) vat 311<br>(-)conveyence 3859<br>TO CONVENOR 260689 | 3859 | 7/17-18<br>7-7-2017<br>299471 |
| 39/18<br>കൈതളം പുല്ലവനം റീടാറിംഗ് | ജോസഫ് കെ. എ. | 20/LSGD /Naduvil /16-17 തി.3-2-2017<br>എം ബുക്കിൽ നമ്പർ | ആകെ പ്രവർത്തിമൂല്യം<br>299907.34<br>(-) overhead charge 2.5% 7498 | ആകെ പ്രവർത്തിമൂല്യം<br>299907.34<br>(-) overhead charge 2.5% 7498<br>(-)cost of bitumen | 8172 | 12/17-18<br>7-7-2017<br>121319 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ചേർത്തിട്ടില്ല | (-)cost of bitumen 103262<br>(-) Advance 76000<br>----------------<br>113147<br>( +)conveyence 8172<br>121319<br>(-) vat 5% 14620<br>(-)IT 2% 5848<br>(-) KCWF 2924<br>(-)Cost of barrel 4284<br>(-) vat 621<br>(-)conveyence 8172<br>TO CONVENOR 84850 | 103262<br>(-) Advance 76000<br>----------------<br>113147<br>(-) vat 5% 14620<br>(-)IT 2% 5848<br>(-) KCWF 2924<br>(-)Cost of barrel 4284<br>(-) vat 621<br>(-)conveyence 8172<br>TO CONVENOR 76678 | | |
| 109/18ചെറുതേൻകല്ല് പള്ളിക്കുന്ന് റോഡ് ടാറിംഗ് | മാതൃ തെക്കേമുറിയിൽ | 2/AE/LSGD /Naduvil /16-17 തി.8-5-2017<br>2/17-18 | ആകെ പ്രവർത്തിമൂല്യം<br>341492<br>(-) overhead charge 2.5% 8537<br>332955<br>(-)cost of bitumen 52800<br>----------------<br>280155<br>( +)conveyence 3859<br>284014<br>(-) vat 5% 16648 | ആകെ പ്രവർത്തിമൂല്യം<br>341492<br>(-) overhead charge 2.5% 8537<br>332955<br>(-)cost of bitumen 52800<br>----------------<br>280155<br>(-) vat 5% 16648<br>(-)IT 2% 6659<br>(-) KCWF 3330<br>(-)Cost of barrel 2142<br>(-) vat 311 | 3859 | 19/17-18<br>19-8-2017<br>332955 |

| | | | | | | |
|---|---|---|---|---|---|---|
| | | | (-)IT 2% 6659<br>(-) KCWF 3330<br>(-)Cost of barrel 2142<br>(-) vat 311<br>(-)conveyence 3859<br>TO CONVENOR 251065 | (-)conveyence 3859<br>TO CONVENOR 247906 | | |

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിനു നൽകിയ മറുപടിയിൽ പരിശോധിച്ച് മറുപടി ലഭ്യമാക്കുമെന്നാണ്. നഷ്ടം വന്നതുക ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-18 മരാമത്ത് പ്രവർത്തി വിവരങ്ങൾ അപൂർണ്ണം

2016-17, 2017-18 വർഷങ്ങളിൽ അസിസ്റ്റൻറ് എൻജിനിയർ, നിർവ്വഹണം നടത്തിയ വിവിധ മരാമത്ത് പ്രവർത്തികൾ, ബിറ്റുമിൻ വിതരണം എന്നിവ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ഫയലുകളിലും രജിസ്റ്ററുകളിലും ലഭ്യമല്ലാത്തതിനാൽ താഴെ ചേർക്കുന്ന കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. 2016-17, 2017-18 വർഷങ്ങളിൽ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത 66 ഗുണഭോക്തൃസമിതി കൺവിനർമാർക്ക് നൽകുന്നതിനായി ആകെ 740 ബാരൽ (VG30 587 ബാരൽ RS1 59 ബാരൽ SS1 94 ബാരൽ) ബിറ്റുമിൻ വാങ്ങുന്നതിന് പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടതു പ്രകാരം ആകെ 716 ബാരൽ (VG30 587 ബാരൽ RS1 59 ബാരൽ SS1 70 ബാരൽ) ബിറ്റുമിൻ വാങ്ങി നൽകുകയും , ഇപ്രകാരം ലഭ്യമാക്കിയ ബിറ്റുമിനിൽ ആകെ 552 ബാരൽ (VG30 439 ബാരൽ RS1 43 ബാരൽ SS1 70 ബാരൽ) മാത്രമാണ് നാളിതുവരെയായിട്ട് 45 ഗുണഭോക്തൃസമിതി കൺവിനർമാർക്ക് നൽകിയതായും ബാക്കി 164 ബാരൽ (VG30 148ബാരൽ RS1 16 ബാരൽ ) കൈവശമുള്ളതായുമാണ് ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കാണുന്നത്. 13-2-2019 ൽ ഗ്രാമപഞ്ചായത്ത് ഹെഡ് ക്ളാർക്കിൻെറ സാന്നിധ്യത്തിൽ നടത്തിയ പരിശോധനയിൽ ആകെ 208 ബാരൽ (VG30 182 ബാരൽ, RS1 15 ബാരൽ , SS1 11 ബാരൽ) പഞ്ചായത്ത് കേമ്പൗണ്ടിൽ ഉള്ളതായിട്ടും (44 ബാരൽ അധികം) ,പലബാരലുകളും പൊട്ടിയൊലിച്ച ഉപയോഗശൂന്യമായികെണ്ടിരിക്കുന്നതുമാണ് കണ്ടത് .

2. മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത 66 ഗുണഭോക്തൃസമിതി കൺവിനർമാർക്കുവേണ്ടിയാണ് ബിറ്റുമിൻ വാങ്ങിയതെങ്കിലും ആകെ 45 കൺവീനർമാർ മാത്രമാണ് കൈപ്പറ്റിയിരിക്കുന്നത് .ബിറ്റുമിൻ കൈപ്പറ്റാത്ത 21 ഗുണഭോക്തൃസമിതി കൺവിനർമാർ കരാറുടമ്പടി ഒപ്പിട്ടിരുന്നുവോയെന്നും, കരാർ ഒപ്പിട്ടിരുന്നുവെങ്കിൽ കരാർ വീഴ്ചയ്ക്ക് എന്തു നടപടി സ്വീകരിച്ചുവെന്നും വിശദീകരിക്കേണ്ടതാണ്.

3. ബിറ്റുമിൻ കൈപ്പറ്റിയ45 കൺവീനർമാർ ബന്ധപ്പെട്ട മരാമത്ത് പ്രവർത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബില്ലുകൾ സമർപ്പിച്ചിട്ടുണ്ടോയെന്നും , പൂർത്തീകരിച്ചിട്ടില്ലായെങ്കിൽ അവയുടെ

വിശദാംശങ്ങൾ , കരാർ വീഴ്ചയ്ക്ക് നഷ്ടം ഈടാക്കുന്നതുൾപ്പെടെ എന്തു നടപടി സ്വീകരിച്ചുവെന്നും വിശദീകരിക്കേണ്ടതാണ്.

4. 2016-17, 2017-18 വർഷങ്ങളിൽ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത ഗുണഭോക്തൃസമിതി കൺവിനർമാർക്ക് പ്രവർത്തി നടപ്പിലാക്കുന്നതിനായി മുൻകൂർ തുക നൽകിയതായി കാണുന്നുണ്ട്. മുൻകൂർ തുക എത്ര കൺവീനർമാർക്ക് നൽകി, കൈപ്പറ്റിയ കൺവിനർമാർ എല്ലാവരും പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടോ? പൂർത്തീകരിച്ചിട്ടില്ലായെങ്കിൽ അവയുടെ വിശദാംശങ്ങൾ , 4-10-2011 ലെ ജി ഒ (പി) 419/2011/ ധന നമ്പർ ഉത്തരവനുസരിച്ച് 18% പലിശ സഹിതം മുൻകൂർ തുക തിരിച്ചുപിടിച്ചിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ , തുക തിരിച്ചുപിടിയ്ക്കാൻ നടപടി സ്വീകരിച്ചില്ലായെങ്കിൽ അതിൻെറ കാരണവും വിശദീകരിക്കേണ്ടതാണ്

5 2016-17 ,2017-18 വർഷങ്ങളിൽ വിവിധ മരാമത്ത് പ്രവർത്തികൾ കൺവീനർ പ്രവർത്തികളായി നടപ്പിലാക്കിയിട്ടുണ്ട്. അന്ന് നിലവിലുണ്ടായിരുന്ന 5% മൂല്യവർദ്ധിത നികുതി ഉൾപ്പെടുത്തിയാണ് ഈ പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയാറാക്കിയിരുന്നത് . ഇതിൽ പലപ്രവർത്തികളും ചരക്കുസേവനതികുതി നിലവിൽ വന്ന 1-7-2017 ന് ശേഷം പൂർത്തിയാക്കി അവസാന ബിൽ തുക നൽകിയവയുമാണ്. എന്നാൽ എസ്റ്റിമേറ്റ് 5% മൂല്യവർദ്ധിത നികുതി ഉൾപ്പെടുത്തിയാണ് തയാറാക്കിയിരുന്നതെങ്കിലും 1-7-2017 ൽ ചരക്കുസേവനതികുതി നിലവിൽ വന്നതിനാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ 5% മൂല്യവർദ്ധിത നികുതി ഉൾപ്പെടെയുള്ള തുക കുറവ് വരുത്താതെ പ്രവർത്തി ഏറ്റെടുത്ത കൺവീനർക്ക് നൽകിയതായിട്ടാണ് കാണുന്നത്. ഇതുമൂലം 5% മൂല്യവർദ്ധിത നികുതിക്കു തുല്യമായ തുക കൺവീനർക്ക് അധികം നൽകാനിടയായിട്ടുണ്ട്. ഇപ്രകാരം അധികമായി നൽകിയ തുക തിരിച്ചുപിടിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 20000 | 0 |
| | | 550000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 549995 | 5 |
| ജില്ലാപഞ്ചായത്ത് | 2017-18 | 200000 | ഗൃഹകേന്ദ്രീകൃത സ്വാന്തന പരിചരണം | 0 | 200000 |
| | 2017-18 | 747029 | ലൈഫ് ഭവനപദ്ധതി | 0 | 747029 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | 14,16 വാർഡുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ | 16/17-18 / 6-1-2018 | 400841 | 400841 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന വായ്പ | സ.ഉ(സാധ) 1005/2010 /തസ്വഭവ തി. 24-3-2010 | 17900000 | 3008150 | 177500 | - | 2830650 |

•

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 37051/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1998-99 | 28 | 2000 | എം ഇബ്രാഹിംകുട്ടി<br>സെക്രട്ടറി | 117010102609/ 19-12-17 |
| 1999-2000 | 3-2എ | 8961 | എൻ വി നാരായണൻ<br>കൃഷി ഓഫീസർ | 117010400007/23-1-18 |
| 1999-2000 | 3-2എ | 8961 | എൻ വി നാരായണൻ<br>കൃഷി ഓഫീസർ | 117010400009/17-2-18 |
| 1999-2000 | 3-2എ | 8962 | എൻ വി നാരായണൻ<br>കൃഷി ഓഫീസർ | 117010400012/17-3-18 |
| 2013-14 | 2-4 (4,5) | 700 | പ്രകാശ് സഖറിയാസ്<br>ഡി &ഓ ലൈസൻസ് | 117010103019/12-1-18 |
| 2013-14 | 2-4 (11) | 100 | ലാലു ടി എം .ഡി &ഓ ലൈസൻസ് | 117010102848/6-1-18 |
| 2015-16 | 2-1 | 1500 | അനീസ് എൻ കെ<br>ഡി &ഓ ലൈസൻസ് | 11601102712/1-2-18 |
| 2016-17 | 2-1(1) b | 5287 | ടി പി സഹദേവൻ<br>സെക്രട്ടറി | 117010103301/22-1-18 |
| 2016-17 | 2-1(1) 5 | 357 | ടി പി സഹദേവൻ<br>സെക്രട്ടറി | 117010103138/19-1-18 |

| | | | | |
|---|---|---|---|---|
| 2016-17 | 2-1(1) 9 | 233 | ടി പി സഹദേവൻ സെക്രട്ടറി | 117010103455/2-2-18 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 3-2 a | 2005-06 | 85-3 | കുരുമുളക് ദ്രുതവാട്ടം | നിലനിൽക്കുന്നു |
| 2007-08 | 3-5 | 2010-11 | 2-14 | ഡിപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം | നിലനിൽക്കുന്നു |
| അവലോകന റിപ്പോർട്ട് | | 2014-15 | 4-3-2-8 | സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കുന്നില്ല | നിലനിൽക്കുന്നു |
| 2014-15 | 2-1 | 2016-17 | 1 | വസ്തു നികുതി | നിലനിൽക്കുന്നു |
| 2014-15 | 2-3 | 2016-17 | 1 | തൊഴിൽ നികുതി | നിലനിൽക്കുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് ഇംപാക്ട്

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,05,33,316 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,51,17,220 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 44792 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4762988 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-8-4 | | 20550 | ശ്രീ ദേവരാജൻ കെ. പി. സെക്രട്ടറി |
| 3-16 | | 8352 | ശ്രീ തോമസ് മാത്യു അസി.എഞ്ചിനിയർ |
| 3-17 | | 15890 | ശ്രീ തോമസ് മാത്യു അസി.എഞ്ചിനിയർ |
| | ആകെ | 44792 | ശ്രീ തോമസ് മാത്യു അസി.എഞ്ചിനിയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 10000 | ഡോ. മോഹനൻ കെ. സി. മെഡിക്കൽ ഓഫീസർ PHC |
| 3-8-3 | 36630 | ശ്രീ.ദേവരാജൻ കെ.പി,സെക്രട്ടറി. |
| 3-15 | 4198835 | ശ്രീ ദേവരാജൻ കെ. പി. സെക്രട്ടറി |
| 3-15 | 517523 | ശ്രീ റോബർട്ട് ജോസ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 3-15

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം<br>മേൽവിലാസം |
|---|---|---|
| ശ്രീ ദേവരാജൻ കെ. പി<br>. അസി.സെക്രട്ടറി | അസി.സെക്രട്ടറി<br>പഴയന്നൂർ<br>ഗ്രാമപഞ്ചായത്ത്,തൃശ്ശൂർ | ദേവസംഗീത്<br>തിരുവില്ല്വാമല പി ഒ<br>തൃശ്ശൂർ ജില്ല. |
| ശ്രീ തോമസ് മാത്യൂ<br>അസി.എഞ്ചിനിയർ | വിരമിച്ചു | സുരേഷ് ഭവൻ<br>ദേവസ്വംലൈൻ A7<br>കേശവദാസപുരം<br>തിരുവനന്തപുരം |
| ഡോ. മോഹനൻ കെ. സി.<br>മെഡിക്കൽ ഓഫീസർ PHC | മെഡിക്കൽ ഓഫീസർ PHC<br>നടുവിൽ | താതയിൽ(H)<br>കുറ്റിക്കോൽ<br>കല്ല്യാശേരി വഴി<br>കണ്ണൂർ ജില്ല |
| ശ്രീ റോബർട്ട് ജോസ് സെക്രട്ടറി | സെക്രട്ടറി ,ആറളം<br>ഗ്രാമപഞ്ചായത്ത് | പുത്തൂർ (H),<br>ഉളിക്കൽ പി ഒ<br>കണ്ണൂർ ജില്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ എസ് എ കെ എസ് ഡി സി /3/2088/17 തി. 12-4-2018 | 2 |
| 1999-2000 | കെ എസ് എ കെ എസ് ഡി സി /3/2088/17 തി. 12-4-2018 | 1 |
| 2000-01 | കെ എസ് എ കെ എസ് ഡി സി /3/2088/17 തി. 12-4-2018 | 2 |
| 2005-06 | കെ എസ് എ കെ എസ് ഡി സി /3/2088/17 തി. 12-4-2018 | 11 |
| 2006-07 | എൽ എഫ് കെ .എൻ ആർ/സി1 /1182/09/23-06-10 | |
| 2007-08 | എൽ എഫ് കെ .എൻ ആർ/സി1 /1183/09/23-06-10 | |
| 2008-09,09-10,10-11 | എൽ എഫ് കെ .എൻ ആർ/സി6 /1184/12/05-11-12 | |
| 2011-12,12-13 | എൽ എഫ് കെ .എൻ ആർ /സി/6/1033/14/02-04-16. | |
| 2013-14,14-15 | എൽ എഫ് കെ .എൻ ആർ/.സി.6 /1280/2016/ 25-07-16 | |
| 2015-16 | നം.കെ.എസ്.എ / കെ.എൻ.ആർ-സി -3 /2186/16 തീ. 6.2.17 | |
| 2016-17 | കെ എസ് എ കെ എസ് ഡി സി | |

| | | |
|---|---|---|
| | /3/1526/17 തി. 10-10-2017 | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നടുവിൽ ഗ്രാമപഞ്ചായത്തിന്റെ2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി

ഡയരക്ടർ

കേരള സംസ്ഥാന

ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2-1

# RECEIPT AND PAYMENT STATEMENT OF NADUVIL GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | Receipts | | |
| | Opening Balance | | |
| | Bank | RP-40(a) | 15604059.00 |
| | Cash | RP-40(a) | 16141.00 |

| Operating | | | |
|---|---|---|---|
| 110000000 | Tax Revenue | RP-1 | 1118120.00 |
| 130000000 | Rental income from Panchayat Properties | RP-3 | 33000.00 |
| 140000000 | Fees & User Charges | RP-4 | 961693.00 |
| 150000000 | Sale & Hire Charges | RP-5 | 140929.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 51386574.00 |
| 171000000 | Interest Earned | RP-9 | 146610.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 11286390.00 |
| 350000000 | Other Liabilities | RP-36 | 566467.00 |
| Non operating | | | |
| 180000000 | Other Income | RP-10 | 1521.00 |
| 311000000 | Earmarked Funds | RP-29 | 40.00 |
| 340000000 | Deposits Received | RP-34 | 21750.00 |
| 350000000 | Other Liabilities | RP-36 | 236768.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4621454.00 |
| 460000000 | Loans,Advances and Deposits | RP-47 | 12000.00 |
| Grand Total | | | 86153516.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4438458.00 |
| 220000000 | Administrative Expenses | RP-12 | 1438665.00 |
| 230000000 | Operations & Maintenance | RP-13 | 1286211.00 |
| 250000000 | Decentralised Plan | RP-15 | 6248752.00 |

| | | | |
|---|---|---|---|
| | Programme-Productive Sector | | |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 17498682.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 370418.00 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 191127.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 279600.00 |
| 255000000 | Maintance Projects | RP-20 | 4065881.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 24000.00 |
| 280000000 | Prior Perid Items | RP-26 | -25298.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6916169.00 |
| 350000000 | Othes Liabilities | RP-36 | 9357737.00 |
| | Non Operating | | |
| 240000000 | Interest and Finance Charges | RP-14 | 1316.00 |
| 280000000 | Prior Period Item | RP-26 | -21100.00 |
| 330000000 | Secured Loans | RP-32 | 1775000.00 |
| 340000000 | Deposits Received | RP-34 | 65080.00 |
| 350000000 | Other Liabilities | RP-36 | 1779165.00 |
| 410000000 | Fixed Assets | RP-38 | 13028338.00 |
| 412000000 | Capital work in Progress | RP-40 | 515224.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 5649795.00 |
| 460000000 | Loans, Advances and Deposits | RP-47 | 234000.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 10903717.00 |
| Cash | Cash | RP-40(b) | 132579.00 |
| | Grand Total | | 86153516.00 |

## അനുബന്ധം-2-2

# INCOME AND EXPENDITURE STATEMENT OF NADUVIL GRAMA PANCHAYAT FOR THE PERIOD FROM 1-4-2017 TO 31-3-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4479455.00 |
| 130000000 | Rental Income from panchayat properties | I-3 | 33000.00 |
| 140000000 | Fees & User Charges | I-4(b) | 1074943.00 |
| 150000000 | Sale & Hire Charges | I-5(b) | 140929.00 |
| 160000000 | Revenue Grants, Funds, Contributions and Compensations | I-6 | 116060645.00 |
| 171000000 | Interest Earned | I-8 | 146610.00 |
| 180000000 | Other Income | I-9 | 1521.00 |
| A | Total Income | | 121937103.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10311277.00 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | I-11(b) | 1438665.00 |
| 230000000 | Operations & Maintenance | I-12(b) | 1286211.00 |
| 240000000 | Interest & Finance Charges | I-13 | 1316.00 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 12095741.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 28260129.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 370418.00 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 1966127.00 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 57096400.00 |
| 255000000 | Maintance Projects | I-14(e) | 4065881.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 24000.00 |
| 270000000 | Provisions and Write off | I-16 | 286002.00 |
| 272000000 | Depreciation | I-17(a) | 2567031.00 |
| B | Total Expenditure | | 119769198.00 |
| C=A-B | Gross Surplus/ Deficit of income over Expenditure | | 2167905.00 |
| D= 280000000 | Prior Period Item | I-18 | -2819.00 |
| E=C-D | Gross | | 2170724.00 |

| | | | |
|---|---|---|---|
| | Surplus/Defict of Income over Expenditure after prior Period items. | | |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-2-3

# BALANCE SHEET OF NADUVIL GRAMA PANCHAYAT AS ON 31-3-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 17313995.18 |
| 311000000 | Earmarked Funds -Special Funds/Sinking Fund/Trust orAgency Fund | B-2 | 419.00 |
| 312000000 | Reserves | B-3 | 68297915.00 |
| | Total Reserve & Surplus | | 85612329.18 |
| | Grants , Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 7174587.57 |
| | Total Grants,Contribution for specific purposes | | 7174587.57 |
| | Loans | | |

| | | | |
|---|---|---|---|
| 330000000 | Secured Loans | B-5 | 2830650.00 |
| | Total Loans | | 2830650.00 |
| | Current Liabilities and Provisions | | |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 942073.00 |
| | Total Current Liabilities and Provisions | | 1565969.25 |
| | TOTAL LIABILITIES | | 97183536.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 88068474.00 |
| 411000000 | Accumulated Depreciation | B-11 | -12088118.00 |
| 412000000 | Capital Work In Progress | B-11(a) | 515224.00 |
| | Total Fixed Assets | | 76495580.00 |
| | Investments | | |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 6703810.00 |
| 440000000 | Pre-paid Expenses | B-16 | 2830650.00 |
| 450000000 | Cash and Bank balance | B-17 | 11036296.00 |
| 460000000 | Loans, Advances and Deposits | B-18 | 117200.00 |
| | Total Current Assets,Loans and Advances | | 20687956.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |

| | | |
|---|---|---|
| | TOTAL ASSETS | 97183536.00 |

ഡെപ്യൂട്ടി ഡയരക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്